# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പറപ്പൂക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TSR(P10)/1036/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 03/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പറപ്പൂക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TSR(P10)/1036/2022. തീയ്യതി: 03/07/2022

## തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 18-06-2022 | 22-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-06-2022 | 22-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സദാനന്ദൻ പി ജി, ഓഡിറ്റ് ഓഫീസർ
ശ്രീ സുനിൽകുമാർ കെ സി, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ ജീജോ ജോബ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജോയ്സൺ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി കാർത്തിക ജയൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ ഇ കെ അനൂപ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അജിത കെ | സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ സുരേഷ് വി വി | കൃഷി ഓഫീസർ | 01-04-2020 | 20-04-2020 |

| | | | |
|---|---|---|---|
| ശ്രീമതി നീനു ചന്ദ്രൻ | കൃഷി ഓഫീസർ | 21-04-2020 | 31-03-2021 |
| ശ്രീമതി ജോൺസി ടി ജെ | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഡോ.ശിവരാജൻ കെ ജി | മെഡിക്കൽ ഓഫീസർ,സിഎച്ച്സി | 01-04-2020 | 31-03-2021 |
| ഡോ.ബിന്ദു ജി നായർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ.ശ്രീജ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.രാജീവ് കെ ആർ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി രേണുക പി വി | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി ജാസ്മിൻ | വി ഇ ഒ | 01-04-2020 | 31-03-2021 |
| ശ്രീ ടി കെ സുരേഷ് കുമാർ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി ഹൃദ്യ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2020 | 20-07-2020 |
| ശ്രീമതി സിനി | ഐസിഡിഎസ് സൂപ്പർവൈസർ | 21-07-2020 | 31-03-2021 |
| ശ്രീമതി അനില കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി ലിസി പി ഡി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.G.Sadanandan (Audit Officer, On 22-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: P.G.Sadanandan (Audit Officer, On 22-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)<br>Written By: P.G.Sadanandan (Audit Officer, On 22-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: P.G.Sadanandan (Audit Officer, On 22-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: P.G.Sadanandan (Audit Officer, On 22-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-5 |
| 6 | ക്ഷേമപെൻഷനുകൾ സംബന്ധിച്ച്<br>Written By: P.G.Sadanandan (Audit Officer, On 22-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: P.G.Sadanandan (Audit Officer, On 22-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: P.G.Sadanandan (Audit Officer, On 22-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 22-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: P.G.Sadanandan (Audit Officer, On 22-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-9 |
| 10 | വസ്തുനികുതി റെസിഡൻഷ്യൽ(തൻവർഷം)-വാർഷികക്കണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല<br>Written By: Joyson (Auditor, On 24-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-10 |
| 11 | വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ (തൻവർഷം)-വാർഷികക്കണക്കും ഡിസിബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Joyson (Auditor, On 24-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-11 |
| 12 | ലൈബ്രറി സെസ്സ്-വാർഷികക്കണക്കും ഡിസിബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Joyson (Auditor, On 24-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-12 |
| 13 | കുടിശ്ശിക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നനില്ല<br>Written By: Joyson (Auditor, On 24-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-13 |
| 14 | വസ്തുനികുതിയിനത്തിൽ മുൻകൂർ ലഭിച്ചതും സഞ്ചയ"സോഫ്റ്റ്വെയറിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.<br>Written By: Joyson (Auditor, On 24-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-14 |
| 15 | ഡിമാന്റ് തുക യഥാസമയം രേഖപ്പെടുത്തുന്നില്ല<br>Written By: Joyson (Auditor, On 24-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-15 |
| 16 | വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല<br>Written By: Joyson (Auditor, On 24-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-16 |
| 17 | “280000000-Prior Period Item”-വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല<br>Written By: Joyson (Auditor, On 24-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-17 |
| 18 | ബാലൻസ് ഷീറ്റ് പ്രകാരം ക്രമീകരിക്കാനുള്ള തുകയും തൻവർഷം ക്രമീകരിച്ച തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു<br>Written By: Joyson (Auditor, On 24-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-18 |

| | | |
|---|---|---|
| 19 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Joyson (Auditor, On 25-06-2022)<br>Last Updated By: Joyson (Auditor, On 25-06-2022) | 1-19 |
| 20 | തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുളള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.<br>Written By: Joyson (Auditor, On 25-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-20 |
| 21 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Joyson (Auditor, On 25-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-21 |
| 22 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Joyson (Auditor, On 25-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-22 |
| 23 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ് , ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.<br>Written By: Joyson (Auditor, On 25-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-23 |
| 24 | ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല<br>Written By: Joyson (Auditor, On 25-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-24 |
| 25 | ക്യാപിറ്റൽ കോൺട്രിബ്യൂഷൻ - വർക്ക് ഷീറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്<br>Written By: Joyson (Auditor, On 25-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-25 |
| 26 | Capital Work In Progress-തുകയിൽ വ്യത്യാസം<br>Written By: Joyson (Auditor, On 25-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-26 |
| 27 | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 -ൽ ക്ലോസിങ് സ്റ്റോക്ക് ഉൾപ്പെടുത്തിയിട്ടില്ല<br>Written By: Joyson (Auditor, On 25-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 1-27 |
| 28 | രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല<br>Written By: Joyson (Auditor, On 25-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-28 |
| 29 | മണ്ണിന്റെ വാല്യുവേഷൻ തെറ്റായി കണക്കാക്കി ലേലം ചെയ്തു<br>Written By: Joyson (Auditor, On 25-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-29 |
| 30 | മുറിച്ച് മാറ്റിയ മരങ്ങൾ ചട്ടപ്രകാരം ലേലം ചെയ്തില്ല<br>Written By: Joyson (Auditor, On 25-06-2022)<br>Last Updated By: Joyson (Auditor, On 26-06-2022) | 1-30 |
| 31 | റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കിയതിൽ അപാകത<br>Written By: Joyson (Auditor, On 25-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-31 |
| 32 | രസീത് പുസ്തകം ഓഡിറ്റിന് ലഭ്യമാക്കിയില്ല.<br>Written By: Jeejo Job (Senior Grade Auditor, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-32 |
| 33 | കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ലഭ്യമാക്കേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-33 |
| 34 | പത്ര പരസ്യം - സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല<br>Written By: Jeejo Job (Senior Grade Auditor, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-34 |
| 35 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-35 |
| 36 | സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ- മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം- ഉത്തരവ് പാലിക്കേണ്ടതാണ്<br>Written By: Jeejo Job (Senior Grade Auditor, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-36 |
| 37 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - എസ്.സി.പി. ഫണ്ടിൽ നിന്നും തനത് ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച സബ്സിഡി തുക തിരിച്ചടയ്ക്കേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-37 |
| 38 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്- സ്റ്റോക്കിലെടുത്തതിലെയും വിതരണം | 1-38 |

| | | |
|---|---|---|
| | ചെയ്യതിലെയും അപാകങ്ങൾ<br>Written By: Jeejo Job (Senior Grade Auditor, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | |
| 39 | വൃദ്ധർക്ക് കട്ടിൽ - അപാകങ്ങൾ<br>Written By: Jeejo Job (Senior Grade Auditor, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-39 |
| 40 | വാങ്ങലുകൾ- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-40 |
| 41 | പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-41 |
| 42 | മണ്ണിന്റെ വിനിയോഗ വിവരം എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-42 |
| 43 | മരാമത്ത് പ്രവൃത്തിയുടെ കരാർ വയ്ക്കാൻ വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-43 |
| 44 | റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-44 |
| 45 | പൊതുമരാമത്ത് പണികളുടെ നടത്തിപ്പിലെ അപാകതകൾ<br>Written By: P.G.Sadanandan (Audit Officer, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-45 |
| 46 | പഞ്ചായത്ത് പരിധിയിലെ 12 മുതൽ 16 വയസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം - പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ<br>Written By: P.G.Sadanandan (Audit Officer, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-46 |
| 47 | പാലിയേറ്റീവ് പരിചരണം -മരുന്നുകൾ<br>Written By: SunilKumar K C (Asst. Audit Officer, On 24-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-47 |
| 48 | വെറ്റിനറി സർജ്ജൻ നടപ്പാക്കിയ പ്രൊജക്ടുകൾ - പ്രൊജക്ടുകളുടെ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Jeejo Job (Senior Grade Auditor, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-48 |
| 49 | മുട്ടക്കോഴിയും കൂടും വിതരണം - ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കിയില്ല<br>Written By: Jeejo Job (Senior Grade Auditor, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-49 |
| 50 | പശുവളർത്തൽ പദ്ധതികൾ - അപാകങ്ങൾ<br>Written By: Jeejo Job (Senior Grade Auditor, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-50 |
| 51 | പ്രത്യേക കന്നുകുട്ടിപരിപാലന പരിപാടി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Jeejo Job (Senior Grade Auditor, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-51 |
| 52 | തെരുവ് വിളക്കുകളുടെ പരിപാലനം- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: Jeejo Job (Senior Grade Auditor, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-52 |
| 53 | പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ - എസ്റ്റിമേറ്റോ ക്വട്ടേഷനോ ഇല്ലാതെ തുക ചെലവഴിച്ചു<br>Written By: Jeejo Job (Senior Grade Auditor, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-53 |
| 54 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ - എസ്റ്റിമേറ്റ് തയ്യാറാക്കാതെ പ്രവൃത്തികൾ ചെയ്തു.<br>Written By: Jeejo Job (Senior Grade Auditor, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-54 |
| 55 | പന്തല്ലൂർ പി എച്ച് സി നവീകരണം<br>Written By: SunilKumar K C (Asst. Audit Officer, On 25-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-55 |
| 56 | ലൈഫ് ഭവന പദ്ധതി<br>Written By: SunilKumar K C (Asst. Audit Officer, On 25-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 1-56 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |

| | | |
|---|---|---|
| 1 | പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയപ്പോൾ പിഴ ഈടാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 3-1 |
| 2 | മരാമത്ത് പ്രവൃത്തിയുടെ കരാർ വയ്ക്കാൻ വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല<br>Written By: P.G.Sadanandan (Audit Officer, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 3-2 |
| 3 | റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 03-07-2022) | 3-3 |
| ഭാഗം 4 | | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.G.Sadanandan (Audit Officer, On 22-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.G.Sadanandan (Audit Officer, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 24-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: P.G.Sadanandan (Audit Officer, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 23-06-2022) | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ്<br>Written By: P.G.Sadanandan (Audit Officer, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: P.G.Sadanandan (Audit Officer, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: P.G.Sadanandan (Audit Officer, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 27-06-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P.G.Sadanandan (Audit Officer, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 23-06-2022) | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: P.G.Sadanandan (Audit Officer, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 23-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.G.Sadanandan (Audit Officer, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ<br>Written By: P.G.Sadanandan (Audit Officer, On 23-06-2022)<br>Last Updated By: P.G.Sadanandan (Audit Officer, On 02-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 24.03.2020 | 1(2) | 225935443 | 214599200 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം നമ്പർ | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 16.02.2021 | 5(1) | 237048274 | 214081307 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2021 | 25.11.21 | ഇല്ല | ഇല്ല |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 31694729.15 |
| വരവ് | 116043556 |
| ആകെ | 147738285.15 |
| ചെലവ് | 110264594 |
| നീക്കിയിരിപ്പ് | 37473691.15 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ (എസിആർ പ്രകാരം) | 0 | 20547251 | 20547251 | 20544841 | 2410 |
| വികസന ഫണ്ട് – എസ്.സി.പി. (ACR പ്രകാരം) | 0 | 16039802 | 16039802 | 15219230 | 820572 |
| വികസന ഫണ്ട് – ടി.എസ്.പി. (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് റോഡ് (ACR പ്രകാരം) | 0 | 16765000 | 16765000 | 16765000 | 0 |
| മെയിന്റനൻസ് നോൺറോഡ് (ACR പ്രകാരം) | 0 | 4149602 | 4149602 | 4147165 | 2437 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 10877731 | 10877731 | 7809159 | 3068572 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോർമൻസ് ഗ്രാന്റ് | 0 | 5660000 | 5660000 | 2605318 | 3054682 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 266 | 145976728 | 50 | 90691480 | 157 | 59 | 62.1 |

## 1-6 ക്ഷേമപെൻഷനുകൾ സംബന്ധിച്ച്

| ക്ഷേമപെൻഷനുകളുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | -- | -- |
| കർഷകതൊഴിലാളി പെൻഷൻ | 10701300 | 710 |
| വിധവാ പെൻഷൻ | 19906200 | 1281 |
| വാർദ്ധക്യകാല പെൻഷൻ | 32107200 | 2357 |
| വികലാംഗ പെൻഷൻ | 5162000 | 343 |
| 50വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1455800 | 104 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | -- | -- |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 36181 | 1013015 | 1049196 | 1049196 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 25596635 | 25596635 | 25596635 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.06.2022 തീയതിയിൽ 3 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3925/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1, 3 എന്നിവയിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-10 വസ്തുനികുതി റെസിഡൻഷ്യൽ(തൻവർഷം)-വാർഷികക്കണക്കും ഡിസിബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികക്കണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികക്കണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3073417 | 3039002 | 58244 | 23124 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3073417 | 3001374 | 61009 | *23124 |

1. കളക്ഷൻ തുക, മുൻകൂർ തുക എന്നിവ പൊരുത്തപ്പെടുന്നില്ല

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി 25 തീ: 22-06-2022, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-11 വസ്തുനികുതി-നോൺ-റെസിഡൻഷ്യൽ (തൻവർഷം)-വാർഷികക്കണക്കും ഡിസിബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല

നോൺ - റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2092689 | 1977817 | 32264 | 88336 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2092689 | 1977817 | 28989 | *88336 |

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല

(ഓഡിറ്റ് എൻക്വയറി 25 തീ: 22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-12 ലൈബ്രറി സെസ്സ്-വാർഷികക്കണക്കും ഡിസിബി രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻവർഷം | കുടിശ്ശിക | ആകെ | തൻവർഷം | കുടിശ്ശിക | ആകെ | | | തൻവർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 156822 | 7310 | 164132 | 152697 | 6011 | 158708 | 3344 | | 1167 | 1102 | 2269 |
| | നോൺ-റെസിഡൻഷ്യൽ | 106284 | 13923 | 120207 | 99410 | 6901 | 106311 | 1658 | | 4421 | 6942 | 11363 |
| | ആകെ | | | 284339 | | | 265019 | 5002 | | | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 263106 | | | 265019 | | | | 271206 | (13633) | | |

1.ഡിമാന്റ്, കളക്ഷൻ, മുൻകൂർ ക്രമീകരിച്ചത്, ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല.
2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള ലൈബ്രറി സെസ്സിന്റെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി 25 തീ 22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-13 കുടിശ്ശിക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുന്നില്ല

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 275487 | 137527 | 138040 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 210497 | 137527 | 138078 |

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ + ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല

(ഓഡിറ്റ് എൻക്വയറി 25 തീ: 22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-14 വസ്തുനികുതിയിനത്തിൽ മുൻകൂർ ലഭിച്ചതും സഞ്ചയ"സോഫ്റ്റ്‌വെയറിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 6719 | 58244 |
| 2 | 350410101-Advance Collection Of | 2089 | 32264 |

| | | | |
|---|---|---|---|
| | Revenues -Property Tax On Non-Residential Building | | |

(ഓഡിറ്റ് എൻക്വയറി 25 തീ 22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-15 ഡിമാന്റ് തുക യഥാസമയം രേഖപ്പെടുത്തുന്നില്ല

1/4/2020 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) . പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ,വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ പറപ്പൂക്കര ഗ്രാമപഞ്ചായത്തിൽ 202 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 51,66,106/- മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികക്കണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 265019/-രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 252107/- രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല , മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 271206 രൂപയാണ്.(വൌച്ചർ 42000338,42000340 (500+270706=271206))(പട്ടിക 2.3 കാണുക )
(ഓഡിറ്റ് എൻക്വയറി 25/22.6.22)

## 1-17 "280000000-Prior Period Item"-വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-18) | 31/3/2021 ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On Residential Buildings | 45817 |
| 280100104-Prior Period Income-Property Tax On Non Residential Buildings | 26429 |
| 280200101-Prior Period Income-Rent From Building | 22000 |
| 280200401-Prior Period Income-Other Income | (16250) |
| 280800101-Prior Period-miscellaneous Expenses | (1097077) |
| 280100102-Prior Period-Professional Tax-institution/Professionals/Traders | (8520) |

## 1-18 ബാലൻസ് ഷീറ്റ് പ്രകാരം ക്രമീകരിക്കാനുള്ള തുകയും തൻവർഷം ക്രമീകരിച്ച തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു

2019-20 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2020 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2020-21 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആസ്പദമാക്കിയ വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/20 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2020-21ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 6719 | 61009 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 2089 | 28989 |

## 1-19 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

(ഓഡിറ്റ് എൻക്വയറി 25 തീ 22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-20 തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

1. തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ വരവ് ചെലവുകളും പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.(ഓഡിറ്റ് എൻക്വയറി 25 തീ 22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല).
2. പദ്ധതി നടത്തിപ്പിനായി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6,I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനവും റവന്യൂ ചെലവും 26,645,831/- രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ പഞ്ചായത്തിൽ ആസ്തികൾ നിർമ്മിക്കുന്നതിനുള്ള 649354/-രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | വൈല്ലൂർ പ്രദേശത്തെ കണ്ടപ്പാടം കോളനി റോഡ് നിർമ്മാണം | 216087 |
| 2 | ആലത്തൂർ നോർത്ത് പ്രദേശത്ത് ഉരുത്തുംപറമ്പ് കോളനി റോഡിൽ കാന നിർമ്മാണം | 89717 |
| 3 | ആലത്തൂർ നോർത്ത് പ്രദേശത്ത് ഉരുത്തുംപറമ്പ് കോളനി റോഡിൽ കാന നിർമ്മാണം | 115018 |
| 4 | പോങ്കോത്ര മാനിയങ്കര സത്യന്റെ പറമ്പിനു സമീപം പാടശേഖരത്തിലേക്കു തോട് | 228532 |

ഈ തുക തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് പ്രകാരമുള്ള ആകെ വരുമാനം,ചെലവ് എന്നിവ 649354/- രൂപ കൂടുതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 649354/-രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 25 തീ 22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല).

## 1-21 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.
(ഓഡിറ്റ് എൻക്വയറി 25 തീ 22/6/22, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-22 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5778962/- രൂപയാണ്.എന്നാൽ ഇതെ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1,01,24,872/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-23 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ് , ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2020-21 വർഷത്തെ Income And Expenditureപത്രിക പ്രകാരം 79,28,771/-രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്.എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി 25/22.6.22)

## 1-24 ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല

2020-21 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന

ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ,വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.(വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൌച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക(...... കെട്ടിടങ്ങൾ) | 130100101-Rent From Building | 504588/-<br>107175 | 9/2/21<br>15/1/21 | 42000183<br>42000379 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-25 ക്യാപിറ്റൽ കോൺട്രിബ്യൂഷൻ - വർക്ക് ഷീറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

31/3/2020 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2021 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൌണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.(ഓഡിറ്റ് എൻക്വയറി 25/22.6.22)

## 1-26 Capital Work In Progress-തുകയിൽ വ്യത്യാസം

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/21 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2021 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 20,33,220/-രൂപയാണ്. എന്നാൽ 31/3/2021 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 17,70,239/-രൂപ യാണ്.(ഓഡിറ്റ് എൻക്വയറി 25/22.6.22)

## 1-27 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 -ൽ ക്ലോസിങ് സ്റ്റോക്ക് ഉൾപ്പെടുത്തിയിട്ടില്ല

1. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 -ൽ ക്ലോസിങ് സ്റ്റോക്ക് ഉൾപ്പെടുത്തിയിട്ടില്ല.
2. സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ))

(ഓഡിറ്റ് എൻക്വയറി 25/22.6.22)

## 1-28 രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി)).നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

2.വാടക ഡിമാന്റ് രജിസ്റ്റർ:രജിസ്റ്റർ പ്രകാരമുള്ള കുടിശ്ശികയും വാർഷിക ധനകാര്യപത്രികയിലെ കുടിശ്ശികയും പൊരുത്തപ്പെടുന്നില്ല

3.ലൈബ്രറി രജിസ്റ്റർ

4.പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

## 1-29 മണ്ണിന്റെ വാല്യൂവേഷൻ തെറ്റായി കണക്കാക്കി ലേലം ചെയ്തു

ജലപ്രയാണം 2020 പദ്ധതിയുടെ ഭാഗമായി പന്തല്ലൂർ കണ്ടുകടവ് ഭാഗത്ത് അടിഞ്ഞുകൂടിയ 580ഘനമീറ്റർ മണ്ണ് ലേല നോട്ടീസ് നം.എ2-2059/19 തി.5.6.20 പ്രകാരം 72,550/-രൂപയ്ക്ക് റിസൺ,ചെവിടൻ ഹൗസ്,പുതുക്കാട് എന്നവർക്ക് ലേലം ചെയ്തു.അസിസ്റ്റൻറ് എഞ്ചിനീയർ മണ്ണിന്റെ വാല്യൂവേഷൻ ഒരു ഘനമീറ്ററിന് 100രൂപ/ഘനമീറ്റർ എന്ന നിരക്കിൽ 58000/-(580X100)എന്ന നിരക്കിലാണ് കണക്കാക്കിയിട്ടുള്ളത്(രണ്ടാമത് ലേലം ചെയ്ത് 1500ഘനമീറ്റർ മണ്ണിന് ജില്ലാ മണ്ണ സംരക്ഷണ ഉദ്യോഗസ്ഥൻ ഒരു ഘനമീറ്ററിന് 159.71രൂപ/ഘനമീറ്റർ എന്ന നിരക്കിലാണ് വാല്യൂവേഷൻ കണക്കാക്കിയിട്ടുള്ളത്).580 ഘനമീറ്റർ മണ്ണ് 8.6.20 -ാം തിയ്യതിയിലാണ് ലേലം നടത്തിയിട്ടുള്ളത്.ലേലം ആരംഭിച്ചത് 66,000/-രൂപയ്ക്കാണ്.മണ്ണ് 72,550/-രൂപയ്ക്ക് റിസൺ,ചെവിടൻ ഹൗസ്,പുതുക്കാട് എന്നവർക്ക് ലേലം ചെയ്തു.യഥാർത്ഥത്തിൽ മണ്ണിന്റെ വാല്യൂവേഷൻ 580x159.71=92,631.80/-രൂപയാണ് കണക്കാക്കേണ്ടിയിരുന്നത്.ആയതുപ്രകാരം ലേലം ചെയ്തിരുന്നെങ്കിൽ ലേലം കൊടുത്തതിലും കൂടിയ തുക ഗ്രാമപഞ്ചായത്തിന് കിട്ടുമായിരുന്നു.ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി 14/21.6.22 നൽകിയെങ്കിലും,മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ ചട്ടപ്രകാരമുള്ള മൂല്യനിർണ്ണയം നടത്തി മാത്രം ലേലം ചെയ്യേണ്ടതാണ്.

## 1-30 മുറിച്ചു മാറ്റിയ മരങ്ങൾ ചട്ടപ്രകാരം ലേലം ചെയ്തില്ല

പ്രോജക്റ്റ് നം.291/21,പദ്ധതിയുടെ പേര്:കുറുമാലി പുഴയിലെ അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നത്-ജലപ്രയാണം-പദ്ധതിയുടെ ഭാഗമായി പുഴയുടെ അരികെയുള്ള പുഴയുടെ ഒഴുകിന് തടസ്സം നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുക,പുഴയിൽ വീണ് കിടക്കുന്ന മരങ്ങൾ നീക്കം ചെയ്യുക എന്നി പ്രവൃത്തികൾ നിർവ്വഹിച്ചു.കളക്ടറുടെ ഉത്തരവ് നം.എച്ച്3/454/20 തി.28.5.20 പ്രകാരമാണ് പ്രോജക്റ്റ് നടപ്പിലാക്കിയത്.പദ്ധതിയുടെ ഭാഗമായി 7,36,500/- മരം മുറിക്കുന്നതിനം,പുഴയിൽ വീണ കിടക്കുന്ന മരങ്ങൾ നീക്കം ചെയ്യുന്നതിനുമുള്ള കലി ചെലവ്,മെഷീൻ വാൾ വാടക എന്നി ഇനങ്ങളിൽ ചെലവഴിച്ചിട്ടുണ്ട്.വാർഡ് 6 ൽ ചെങ്ങാതിരുത്തി കടവിന്റെ കിഴക്ക് ഭാഗം മുതൽ കണ്ടുകടവ് വരെ മരങ്ങൾ മുറിച്ചുമാറ്റിയതിന് 84,000/-രൂപയും,5-ാം വാർഡിൽ കണ്ടുകടവ് മുതൽ മണ്ണാംപറമ്പിൽ കടവ് വരെ മരങ്ങൾ മുറിച്ചുമാറ്റിയതിന് 1,44,000/-രൂപയും,മൂന്ന,നാലു വാർഡുകളിലെ കുറുമാലി പുഴയുടെ സൈഡിലെ മരം വെട്ടുന്നതിന് 1,74,844/-രൂപയും ചെലവഴിച്ചിട്ടുണ്ട്.ട്രീ കമ്മിറ്റി രജിസ്റ്ററിൽ യാതൊരു രേഖപ്പെടത്തലുകളുമില്ല.പുഴയിൽ നിന്ന കിട്ടിയ മരങ്ങളും,പുഴയുടെ അരികെ സ്വകാര്യ വ്യക്തികളുടെയല്ലാത്ത മുറിച്ചു മാറ്റിയ മരങ്ങളും സോഷ്യൽ ഫോറസ്റ്റി വകുപ്പിൽ നിന്നും മൂല്യനിർണ്ണയം നടത്തി ലേലം ചെയ്തിട്ടുണ്ടോ?ഉണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 16/21.6.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മരങ്ങൾ മുറിക്കുമ്പോൾ ട്രീ കമ്മിറ്റി രജിസ്റ്ററിൽ തീരുമാനം രേഖപ്പെടുത്തി,വാല്യൂവേഷൻ ചെയ്ത് ചട്ടപ്രകാരം ലേലം നടത്തേണ്ടതായിരുന്നു.എന്നാൽ ആയത് ചെയ്യാതിരുന്നത് ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെ വീഴ്ചയായാണ് ഓഡിറ്റ് വിലയിരുത്തുന്നത്.ആയതിനാൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 റോഡ് റീസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കിയതിൽ അപാകത

A). ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്രമം ഉത്തരവ് നം.എ4-3620/20 തി. 5.10.20 പ്രകാരം റിലയൻസ് ജിയോ ഇൻഫോകോം എന്ന സ്ഥാപനത്തിന് കാട്ടാളാസ് -കൃഷിഭവൻ റോഡ് മുറിച്ച് ഒപ്റ്റിക്കൽ ഫൈബർ എടുന്നതിന് അനുമതി നൽകിയിട്ടുണ്ട്.അപേക്ഷ നം.എ4-3620 തി.11.6.20 പ്രകാരം റിലയൻസ് ജിയോ 1.55 കീ.മി ദൂരത്തിൽ റോഡ് മുറിച്ച് ഒപ്റ്റിക്കൽ ഫൈബർ എടുന്നതിനാണ് അനുമതി ആവശ്യപ്പെട്ടിട്ടുള്ളത്.അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയം താഴെ ചേർക്കുന്നു.

1.ബെം കട്ടിങ്ങ്:1x845x0.6 =507

ചാർജ്ജ്=507x359.85=1,82,443.95/-

2.20mm Chipping Carpet BT Cutting Using HDD Method

20(pit Holes)X1.5x1.5=45

ചാർജ്ജ്=45x3179.04=1,43,056.80/-

ആകെ റീസ്റ്റോറേഷൻ ചാർജ്ജ്=3,25,500.75/-രൂപ

രശീതി നം:120070400004/08.09.2020 പ്രകാരം റിലയൻസ് ജിയോ റീസ്റ്റോറേഷൻ ചാർജ്ജ് ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.ചീഫ് എഞ്ചിനീയറുടെ സർക്കുലർ നം:CE /R&B/GL-RC1212019 Dated 30-03-2019 പ്രകാരമാണ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്.

1).സർക്കുലറിൽ മൂല്യനിർണ്ണയം നടത്തുന്നതിന്റെ വീതി എന്നത് കുഴിക്കുന്ന വീതിയുടെ 1.5 മടങ്ങാണ് എടുക്കേണ്ടത്.എന്നാൽ പിറ്റ് ഹോൾ എരിയ കണക്കാക്കിയതിൽ പിഴവ് സംഭവിച്ചിട്ടുണ്ട്.പിറ്റ് ഹോൾ വിസ്തൃതിയുടെ 1.5 മടങ്ങ് കണക്കാക്കിയില്ല.അതുമൂലം മൂല്യനിർണ്ണയത്തിൽ തെറ്റ് സംഭവിച്ചിട്ടുണ്ട്.

2)മൂല്യനിർണ്ണയത്തിൽ 845 മീറ്റർ ബെം കട്ടിങ്ങ് നീളം മാത്രമാണ് എടുത്തിട്ടുള്ളത്.20 പിറ്റ് ഹോൾ 100 മീറ്റർ ഇടവേളയിൽ കുഴിക്കുമ്പോൾ എകദ്ദേശം 1900മീറ്റർ വരും.അതായത് 1055മീറ്ററിന്(1900-845)നീളത്തിൽ ടാർ വരുന്ന ഭാഗത്ത് HDD Method വഴി റോഡ് മുറിച്ച് ഒപ്റ്റിക്കൽ ഫൈബർ എടുന്നുണ്ട്.എന്നാൽ ഈ നീളത്തിന് മൂല്യനിർണ്ണയം നടത്തിയിട്ടില്ല.അതായത് ഈ നീളത്തിന്റെ റീസ്റ്റോറേഷൻ ചാർജ്ജ് 33,53,887.20/-രൂപ (1055X1X3179.04) വരും.ആയതിനാൽ എന്തുകൊണ്ടാണ് ഈ നീളത്തിന് മൂല്യനിർണ്ണയം ചെയ്യാതിരുന്നത് എന്നതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 15/21.6.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.അനുമതി നൽകിയ സ്ഥാപനത്തിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ഒന്ന തന്നെ വാങ്ങി സൂക്ഷിച്ചിട്ടില്ല.റോഡ് കട്ടിങ്ങ് മൂലം ഭാവിയിൽ റോഡിന് കേടുപാടുകൾ സംഭവിച്ചാൽ റിലയൻസ് ജിയോയിൽ പണം ഈടാക്കാൻ സാധിക്കുകയില്ല.2018-19,2019-20 സാമ്പത്തിക വർഷത്തിൽ റോഡ് കട്ടിങ്ങ്(HDD Method മുഖേന) റീസ്റ്റോറേഷൻ ചാർജ്ജ് മൂല്യ നിർണ്ണയം നടത്തിയപ്പോൾ മുഴുവൻ റോഡ് കട്ടിങ്ങ് നീളത്തിനും മൂല്യനിർണ്ണയം നടത്തി തുക ഈടാക്കിയിട്ടുണ്ട്.ആയതിനാൽ ഇത്തരത്തിൽ തെറ്റായ രീതിയിൽ മൂല്യനിർണ്ണയം നടത്തി തുക ഈടാക്കി ഗ്രാമപഞ്ചായത്തിന് നഷ്ടം വരുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

B). ഗ്രാമപഞ്ചായത്ത് പരിധിയിൽ റോഡ് മുറിച്ച് ഒപ്റ്റിക്കൽ ഫൈബർ ഇടുന്നതിന് അനുമതി നൽകാൻ ഐറ്റി&ഇലക്ട്രോണിക്സ് വകുപ്പിൽ നിന്നും പ്രസ്തുത റോഡിൽ ഒപ്റ്റിക്കൽ ഫൈബർ സ്ഥാപിക്കുന്നതിന് നൽകുന്ന ROW(Right Of Way)അനുമതിപത്രം ആവശ്യമാണ്.ആയത് പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 15/21.6.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ ROW(Right Of Way)അനുമതിപത്രം ഉണ്ടെങ്കിൽ മാത്രം റോഡ് മുറിക്കുന്നതിനുള്ള അനുമതി നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.ROW(Right Of Way)അനുമതി ഇല്ലെങ്കിൽ ആയത് ബന്ധപ്പെട്ട വകുപ്പിനെ അറിയിക്കേണ്ടതാണ്.സ്ഥാപനത്തിനെതിരെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

C. GO(RT) No:1366/2019/LSGD തി.3.7.19 പ്രകാരം റീസ്റ്റോറേഷൻ ചാർജ്ജിന് ജി.എസ്.ടി ചുമത്തിയിട്ടുണ്ട്.എസ്റ്റിമേറ്റിൽ ജി.എസ്.ടി ഘടകങ്ങൾ ഇല്ലെങ്കിൽ അധികമായി 12% ജി.എസ്.റ്റി ഈടാക്കാമെന്നാണ് ഉത്തരവിൽ പറയുന്നത്.ചീഫ് എഞ്ചിനീയറുടെ റീസ്റ്റോറേഷൻ ചാർജ്ജ് നിരക്കുകളിൽ ജി.എസ്.ടി, Centage Charge എന്നിവ ഉൾപ്പെട്ടിട്ടുള്ളതിനാൽ അധികമായി 12% ജി.എസ്.റ്റിയുടെ ആവശ്യമില്ല.എന്നാൽ ഫ്ലഡ് സെസ് ആവശ്യമാണ്.ആയതിനാൽ റിലയൻസ് ജിയോയ്ക്ക് നൽകിയ എസ്റ്റിമേറ്റിൽ ഫ്ലഡ് സെസ്(1%) ഉൾപ്പെടുത്തിയിട്ടില്ല.ആയതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 15/21.6.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ ഫ്ലഡ് സെസ്സ് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 1-32 രസീത് പുസ്തകം ഓഡിറ്റിന് ലഭ്യമാക്കിയില്ല.

ഗുണഭോക്തൃവിഹിതം പിരിച്ചെടുക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ നിന്നും വെറ്റിനറി സർജ്ജന് അനുവദിച്ചതും കളക്ഷൻ രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം 1 മുതൽ 20 വരെയുള്ള രസീതുകൾ ഉപയോഗിച്ചതുമായ രസീറ്റ് ബുക്ക് നം.4404, ഓഡിറ്റിന് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ - 17/22.06.22)

## 1-33 കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ

ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ടുകളുടെ പേരും നമ്പരും | പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ<br>കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (187/21)<br>- സ്പിൽ ഓവർ<br>ചെലവഴിച്ച തുക : 5,00,000 (2019-20)<br>89,409/- (2020-21) (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| | പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ<br>കുടിവെള്ളപൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (36/21)<br>ചെലവഴിച്ച തുക: 1620591/-<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |

മേൽ പ്രൊജക്ടുകൾ പ്രകാരം താഴെ പറയുന്ന പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക |
|---|---|
| ഉളുമ്പത്ത് കുന്ന് പ്രദേശത്ത് കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 260000/- |
| വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 350000/- |
| വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 16,00,000/- |

1. വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ വിനിയോഗ സാക്ഷ്യപത്ര പ്രകാരം എസ്റ്റിമേറ്റ് തുക 350000/- ആയി ഡെപ്പോസിറ്റ് ചെയ്ത വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്ന പ്രവൃത്തി പൂർത്തകരിച്ചതായും ടി പ്രവൃത്തിക്ക് 2,16,245/- രൂപ ചെലവായതായും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി പ്രവൃത്തിക്കായി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ അവശേഷിക്കുന്ന തുകയായ 1,33,755/- രൂപ തിരികെ ലഭിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. 2019-20 ൽ നടപ്പാക്കിയ 125/20- സ്വജൽധാര കുടിവെള്ള പദ്ധതികളുടെ ഫിൽട്രേഷൻ എന്ന പദ്ധതിക്കായി അടവാക്കിയ 4,30,000/- രൂപയിൽ 3,43,967/- രൂപ ചെലവഴിച്ചതായി വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെന്നും ബാക്കി 86,033/- രൂപ വാട്ടർ അതോറിറ്റിയിൽ ബാക്കിയുണ്ടെന്നും ഫയലിൽ കാണുന്നു. പഞ്ചായത്ത് കമ്മറ്റിയുടെ 20/05/21 ലെ യോഗത്തിന്റെ 1(12) നമ്പർ തീരുമാന പ്രകാരം ആയത് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ് . ആയത് സംബന്ധിച്ച മറുപടി ലഭ്യമാക്കേണ്ടതാണ്.

3. മേൽ പ്രൊജക്ടുകൾ പ്രകാരം 2210000/- രൂപ ഡെപ്പോസിറ്റ് ചെയ്തതിൽ അവശേഷിക്കുന്ന പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ - 10/21.06.22)

## 1-34 പത്ര പരസ്യം - സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൌണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ പദ്ധതി രൂപീകരണം, മോണിറ്ററിംഗ് (പ്രൊജക്ട് നമ്പർ-258/21) (സ്പിൽ ഓവർ) , പദ്ധതി രൂപീകരണവും മോണിറ്ററിംഗും (1/21) എന്നീ പ്രൊജക്ടുകൾ മുഖേന പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. ഭാവിയിൽ സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൗണ്ട് അനുവദിച്ച കിട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 11/21.06.22)

## 1-35 വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പാക്കിയ പ്രൊജക്ടുകളുടെ നിർവ്വഹണത്തിനായി വിവിധ ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രൊജക്റ്റിന്റെ പേരും നമ്പരും | ഫണ്ടിനം | തുക | വൗച്ചർ നമ്പർ / തീയതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | ജൽജീവൻ മിഷൻ - 300/21 | വികസന ഫണ്ട് (ജനറൽ) | 150000/- | 22001560/23.03.21 | കേരള വാട്ടർ അതോറിറ്റി |
| 2 | പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കലും | തനത് ഫണ്ട് | 3,90,160 | 22001368/04.03.21 | കെ.എസ്,ഇ.ബി. പറപ്പൂക്കര |
| | | | 1,09,840 | | കെ.എസ്.ഇ.ബി., |

| | | | | | |
|---|---|---|---|---|---|
| | ഇലക്ട്രിക് പോസ്റ്റ് മാറ്റല്ലം - (34/21) | | | | കൊടകര |
| 3 | ഐ.കെ.എം. വിഹിതം കൈമാറൽ (4/21) | വികസന ഫണ്ട് (ജനറൽ) | 91,068 | 22001301/25.03.20 | ഐ.കെ.എം. |
| 4 | എ.ബി.സി. പ്രോഗ്രാം - 27/21 | വികസന ഫണ്ട് (ജനറൽ) | 2,10,000/- | 22001174/06.01.20 | ജില്ല കോ-ഓർഡിനേറ്റർ, കുടുംബശ്രീ |

മേൽ പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ- 12/21.06.22)

## 1-36 സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ- മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരശേഖരണം- ഉത്തരവ് പാലിക്കേണ്ടതാണ്

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ നിലവിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്കോ സഹകരണ സ്ഥാപനങ്ങൾ വഴി നേരിട്ടോ ആണ് വിതരണം ചെയ്യപ്പെടുന്നത്. പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും മരണപ്പെട്ട പെൻഷണർമാരുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാരെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ മരണപ്പെട്ടവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. എന്നാൽ പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ മരണം സംഭവിച്ചാൽ ഡിസംബർ മാസത്തിൽ വാർഷിക മസ്റ്ററിംഗ് സമയത്ത് മാത്രമേ മരണപ്പെട്ട ഗുണഭോക്താവിന്റെ പെൻഷൻ വിതരണം നിർത്തുന്നതിന് സാധിക്കുകയുള്ളൂ. ഇതൊഴിവാക്കുന്നതിനായി സ.ഉ.(എ.എസ്) നം.97/2020/ധന. തീയതി. 23.09.2020 ഉത്തരവ് പ്രകാരം മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്ത വിധവ പെൻഷൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ അങ്കണവാടി / ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്നും നീക്കം ചെയ്യാൻ പഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിലവിൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരമൊരു പ്രക്രിയ നടക്കുന്നില്ല. ടി വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (24/22.06.22) മറുപടിയായി അങ്കണവാടി / ആശാവർക്കർമാർ കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനാൽ മരണപ്പെട്ടവരുടെയും പുനർവിവാഹിതരുടെയും വിവരശേഖരണത്തിന് ചുമതലപ്പെടുത്തിയിട്ടില്ലെന്നും തുടർന്ന് സർക്കാർ ഉത്തരവ് പാലിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും സർക്കാറിന് സാമ്പത്തിക നഷ്ടം ഉണ്ടാകാൻ ഇടയാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-37 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് - എസ്.സി.പി. ഫണ്ടിൽ നിന്നും തനത് ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച സബ്സിഡി തുക തിരിച്ചടയ്ക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പരും | പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് കുടിവെള്ളം സംഭരിക്കുന്നതിന് വാട്ടർ ടാങ്ക് വിതരണം (155/21) (സ്പിൽ ഓവർ) |
| ചെലവഴിച്ച തുക | 2,42,000 (എസ്.സി.പി)- 22000964/12.04.20<br>72,000 (ഗുണഭോക്തൃവിഹിതം)- 22001532/24.3.21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

മേൽ പ്രൊജക്ട് 2019-20 വർഷത്തിൽ നടപ്പാക്കിയ പട്ടികജാതിവിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് കുടിവെള്ളം സംഭരിക്കുന്നതിന് വാട്ടർടാങ്ക് വിതരണം (11/2020) എന്ന പ്രൊജക്ടിന്റെ സ്പിൽ ഓവർ പ്രൊജക്ടാണ്. 2019-20 വർഷത്തെ പ്രൊജക്ട് ഫയൽ പ്രകാരം വാട്ടർ ടാങ്ക് വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ടെണ്ടർ ലഭിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്കായ 2400/- രൂപ രേഖപ്പെടുത്തിയ ഓഷ്യൻ പോളിമേഴ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 25.11.2019 ലെ 1(10) നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. സ.ഉ.(കൈ)നം.22/2018/തസ്വഭവ തീയതി 14.02.2018 സബ്സിഡി മാർഗ്ഗരേഖ പ്രകാരം കുടിവെള്ള വാട്ടർ ടാങ്കിന് ചെലവഴിക്കാവുന്ന സബ്സിഡി പരിധി എന്നത് വാട്ടർ ടാങ്കിന്റെ വിലയുടെ 75% ആണ്. അതായത് 2400/-രൂപ വിലയുള്ള വാട്ടർടാങ്കിന്റെ സബ്സിഡി 1800/- രൂപയും സ്ഥാപനത്തിലടയ്ക്കേണ്ട ഗുണഭോക്തൃവിഹിതം 600/- രൂപയുമാണ്.

മേൽ പദ്ധതി പ്രകാരം 2019-20, 2020-21 വർഷത്തിൽ ആകെ 206 വാട്ടർ ടാങ്കുകൾ വാങ്ങിയിട്ടുണ്ട്.

പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം മേൽ പ്രൊജക്ടുകളുടെ ഗുണഭോക്തൃവിഹിതമായി സ്ഥാപനത്തിൽ അടച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | അടവാക്കിയ ഗുണഭോക്തൃവിഹിതം |
|---|---|
| 2019-20 | 95,950/- |
| 2020-21 | 18,060/- |
| ആകെ | 1,14,010 |

എന്നാൽ 206 വാട്ടർടാങ്കുകളുടെ ഗുണഭോക്തൃവിഹിതമായി 1,23,600/- (600 *206) രൂപ പിരിച്ചെടുക്കേണ്ടതായിരുന്നു. എന്നാൽ പിരിച്ചെടുത്തത് 114010/- രൂപ മാത്രമാണ്. കുറവ് 9590/- രൂപ. പിരിച്ചെടുത്ത തുകയുടെ കൃത്യത രസീതുകൾ, ഗുണഭോക്തൃവിഹിതം ലെഡ്ജർ എന്നിവ പ്രകാരം ഉറപ്പ് വരുത്തേണ്ടതും പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക മുഴുവൻ പിരിച്ചെടുക്കേണ്ടതുമാണ്.

മേൽ പദ്ധതിയുടെ ഫണ്ട് വിനിയോഗ വിവരം താഴെ ചേർക്കുന്നു.

| വർഷം | ചെലവഴിച്ച എസ്.സി.പി ഫണ്ട് | ചെലവഴിച്ച ഗുണഭോക്തൃവിഹിതം | ആകെ |
|---|---|---|---|

| | | | |
|---|---|---|---|
| 2019-20 | 180000 | 400 | 1,80,400 |
| 2020-21 | 242000 | 72000 | 3,14,000 |
| ആകെ | 4,22,000 | 72,400 | 4,94,400 |

വാട്ടർടാങ്ക് വാങ്ങുന്നതിന് ചെലവഴിച്ച ആകെ തുകയായ 4,94,400/- രൂപയുടെ 75% ആയ 3,70,800/- രൂപ മാത്രമാണ് എസ്.സി.പി ഫണ്ടിൽ നിന്നും സബ്സിഡി ഇനത്തിൽ ചെലവഴിക്കാവുന്നത്. സബ്സിഡിയിനത്തിൽ ചെലവഴിക്കാവുന്ന 3,70,800/ രൂപയിൽ 1,80,000/- രൂപ 2019-20 വർഷത്തിൽ ചെലവഴിച്ചു. 2020-21 വർഷത്തിൽ സബ്സിഡിയിനത്തിൽ ചെലവഴിക്കാമായിരുന്ന പരമാവധി തുക 1,90,800/- രൂപ മാത്രമായിരിക്കെ എസ്.സ്.പി ഫണ്ടിൽ നിന്നും തൻവർഷം 2,42,000/- രൂപ ചെലവഴിച്ചു. അതായത് 3,70,800/- രൂപ സബ്സിഡി നൽകേണ്ടതിന് പകരം 4,22,000/- രൂപ സബ്സിഡിയിനത്തിൽ ചെലവഴിച്ച അധികമായി ചെലവഴിച്ച 51,200/- രൂപയിൽ (4,22,000-3,70,800) 45,000/- രൂപ ഗുണഭോക്തൃവിഹിതത്തിൽ നിന്നും എസ്.സി.പി. ഫണ്ടിൽ തിരിച്ചടച്ചതായി അറിയിച്ചിട്ടുണ്ട്. തിരിച്ചടച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും പിരിച്ചെടുക്കാൻ അവശേഷിക്കുന്ന ഗുണഭോക്തൃവിഹിതമായ 9590/- രൂപയിൽ നിന്നും എസ്.സി.പി. ഫണ്ടിൽ തിരിച്ചടക്കാൻ അവശേഷിക്കുന്ന 6,200/- രൂപ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. മാത്രമല്ല ഗുണഭോക്തൃവിഹിതം ഇനത്തിൽ പ്രൊജക്ടുകൾ മുഖേനയും എസ്.സി.പി. ഫണ്ടിൽ തിരിച്ചടച്ച തുക ഇനത്തിലും നിലവിൽ 1,17,400/- രൂപ ചെലവഴിച്ചിട്ടുണ്ട് (72400+45000). എന്നാൽ പിരിച്ചെടുത്ത തുക 1,14,010/- രൂപമാത്രമാണ്. തനത് ഫണ്ടിൽ നിന്നും അധികമായി പിൻവലിച്ച 3390/- രൂപ തനത് ഫണ്ടിൽ തിരിച്ചടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകതകൾ പരിഹരിക്കുന്നതുവരെ അധികമായി ചെലവഴിച്ച 51200 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-38 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക്- സ്റ്റോക്കിലെടുത്തതിലെയും വിതരണം ചെയ്തതിലെയും അപാകങ്ങൾ

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പരും | പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് കുടിവെള്ളം സംഭരിക്കുന്നതിന് വാട്ടർ ടാങ്ക് വിതരണം (155/21) (സ്പിൽ ഓവർ) |
| ചെലവഴിച്ച തുക | 2,42,000 (എസ്.സി.പി)- 22000964/12.04.20<br>72,000 (ഗുണഭോക്തൃവിഹിതം)- 22001532/24.3.21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

മേൽ പ്രൊജക്ട് 2019-20 വർഷത്തിൽ നടപ്പാക്കിയ പട്ടികജാതിവിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് കുടിവെള്ളം സംഭരിക്കുന്നതിന് വാട്ടർടാങ്ക് വിതരണം (11/2020) എന്ന പ്രൊജക്ടിന്റെ സ്പിൽ ഓവർ പ്രൊജക്ടാണ്. 2019-20 വർഷത്തെ പ്രൊജക്ട് ഫയൽ പ്രകാരം വാട്ടർ ടാങ്ക് വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുകയും ടെണ്ടർ ലഭിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്കായ 2400/- രൂപ രേഖപ്പെടുത്തിയ ഓഷ്യൻ പോളിമേഴ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 25.11.2019 ലെ 1(10) നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തു. എന്നാൽ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. 2019-20, 2020-21 വർഷങ്ങളിൽ ഈ സ്ഥാപനത്തിൽ നിന്നും വാട്ടർ ടാങ്ക് വാങ്ങിയതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഷം | ഇൻവോയ്സ് വിവരങ്ങൾ | വാങ്ങിയ ടാങ്കുകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | 2019-20 | OPU/4257 /19-20 Dt.14.12.19 | 45 | 75 വാട്ടർടാങ്കുകളുടെ വിലയായ 180000/- രൂപ എസ്.സി.പി. ഫണ്ടിൽ നിന്നും 2019-20 വർഷത്തെ പ്രൊജക്ട് മുഖേന നൽകി |
| 2 | 2019-20 | OPU/4258 /19-20 Dt.14.12.19 | 30 | |
| 3 | 2019-20 | OPU/6213 /19-20 Dt.19.03.20 | 57 | 101 വാട്ടർടാങ്കുകളുടെ വിലയായ 2,42,400/- രൂപയിൽ 400/- രൂപ 2019-20 വർഷം ഗുണഭോക്തൃവിഹിതത്തിൽ നിന്നും ശേഷിക്കുന്ന 2,42,000/- രൂപ 2020-21 വർഷം എസ്.സി.പി. വിഹിതത്തിൽ നിന്നും നൽകി |
| 4 | 2019-20 | OPU/6214 /19-20 Dt.19.03.20 | 44 | |
| 5 | 2020-21 | OPU/4569 /20-21 Dt.27.02.21 | 30 | 30 വാട്ടർടാങ്കുകളുടെ വിലയായ 72000/- രൂപ 2020-21 വർഷം ഗുണഭോക്തൃവിഹിതത്തിൽ നിന്നും നൽകി |
| ആകെ | | | 206 | |

മേൽ പട്ടിക പ്രകാരം 2019-20 വർഷത്തിൽ 176 വാട്ടർ ടാങ്കുകളും 2020-21 വർഷത്തിൽ 30 വാട്ടർ ടാങ്കുകളുമടക്കം 206 വാട്ടർ ടാങ്കുകൾ ആകെ വാങ്ങിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ 2019-20 വർഷത്തെ സ്റ്റോക്ക് രജിസ്റ്ററിൽ (പേജ് നം.40,41,42,47,48,49,50) ടാങ്കുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. ഗുണഭോക്താക്കൾ കൈപ്പറ്റിയത് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് പ്രകാരം 150 ഗുണഭോക്താക്കൾ മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്. 2020-21 ലെ സ്റ്റോക്ക് രജിസ്റ്ററിൽ (പേജ് നം. 43) 30 ടാങ്കുകൾ കൈപ്പറ്റിയ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2 വാട്ടർ ടാങ്കുകൾ മുൻബാക്കിയടക്കം 32 ടാങ്കുളിൽ 31 ടാങ്കുകൾ കൈപ്പറ്റിയതായും ഒരെണ്ണം അവശേഷിക്കുന്നതായും രേഖപ്പെടുത്തിയിരിക്കുന്നു.

എന്നാൽ 2019-20 വർഷം 176 വാട്ടർടാങ്കുകൾ വാങ്ങിയതിൽ 150 എണ്ണം മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്. 26 വാട്ടർ ടാങ്കുകൾ അവശേഷിക്കുന്നുണ്ട്. എന്നാൽ 2020-21 വർഷത്തിൽ കൈപ്പറ്റാൻ അവശേഷിക്കുന്ന മുൻബാക്കിയായി കാണിച്ചിട്ടുള്ളത് രണ്ടെണ്ണം മാത്രമാണ്.

സ്ഥാപനവുമായി കരാറിൽ ഏർപ്പെടാതെ വാങ്ങലുകൾ നടത്തിയത് സംബന്ധിച്ചും സ്റ്റോക്കിലെടുത്തതിലെയും വിതരണം ചെയ്തതിലെയും മേൽ അപാകങ്ങൾ സംബന്ധിച്ചും മറുപടി ലഭ്യമാക്കേണ്ടതും ഭാവിയിൽ അപാകങ്ങൾ ഒഴിവാക്കേണ്ടതുമാണ്.

## 1-39 വൃദ്ധർക്ക് കട്ടിൽ - അപാകങ്ങൾ

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പരും | പട്ടികജാതിയിൽപ്പെട്ട വൃദ്ധർക്ക് കട്ടിൽ -152/21 (സ്പിൽ ഓവർ) |
| ചെലവഴിച്ച തുക | 2,94,900 (22000618/12.04.20 -2,17,500<br>22000695/12.04.20 – 77,400) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

മേൽ പ്രൊജക്ട് മുഖേന ARTCO യിൽ നിന്ന് 50 കട്ടിലുകൾ 4350/- രൂപ നിരക്കിലും, (50*4350 = 217500) 18 കട്ടിലുകൾ 4300/- രൂപ നിരക്കിലും ( 18*4300=77400) വാങ്ങിയിട്ടുണ്ട്. . മേൽ പ്രൊജക്ട് മുഖേന 68 കട്ടിലുകളാണ് വാങ്ങിയിട്ടുള്ളത് (50+18). സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ആയത് സ്റ്റോക്കിൽ വന്നത് രേഖപ്പെടുത്തിയിട്ടില്ല. 2019-20 വർഷത്തെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 61 കട്ടിലുകൾ വിതരണം ചെയ്തതായി കാണുന്നു. ബാലൻസ് കാണിച്ചിട്ടില്ല. 2020-21 ലെ സ്റ്റോക്ക് രജിസ്റ്ററിൽ 27 കട്ടിലുകൾ വിതരണം ചെയ്തതായും കാണുന്നു (48/21 – പട്ടികജാതി വിഭാഗത്തിൽപ്പെട്ട വൃദ്ധർക്ക് കട്ടിൽ എന്ന പ്രൊജക്ട് പ്രകാരം 27 കട്ടിലുകൾ 2020-21 വർഷത്തിൽ വാങ്ങിയിട്ടുണ്ട്).

ഒരു പ്രൊജക്ട് മുഖേന അതേ വർഷം നടത്തിയ വാങ്ങലുകൾക്ക് വ്യത്യസ്ത നിരക്ക് നൽകിയത് സംബന്ധിച്ചും മേൽ പ്രൊജക്ട് പ്രകാരം വാങ്ങിയ 68 കട്ടിലുകളിൽ 61 എണ്ണം മാത്രം വിതരണം ചെയ്തത് സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 23/22.06.22)

## 1-40 വാങ്ങലുകൾ- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2020-21 വർഷത്തിൽ അസി.സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ടുകൾ മുഖേന വാട്ടർ ടാങ്കുകൾ, മേശ,കസേര, കട്ടിൽ എന്നിവ വാങ്ങിയിട്ടുണ്ട്. വാട്ടർ ടാങ്കുകൾ വാങ്ങിയിട്ടുള്ളത് ടെണ്ടർ മുഖേന ഓഷ്യൻ പോളിമേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നാണ്. മറ്റ് വാങ്ങലുകൾ നടത്തിയിരിക്കുന്നത് ARTCO യിൽ നിന്നാണ്. സ്റ്റോർ പർച്ചേസ് മാനവൽ പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000/- രൂപയ്ക്ക് മുകളിലുള്ളതും Goverment E-Market (GeM) ൽ ലഭ്യമായിട്ടുള്ളതുമായ എല്ലാ സാധനങ്ങളും സേവനങ്ങളും GeMൽ നിന്ന് വാങ്ങേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. സർക്കുലർ നം. എസ്.പി.ഡി.-എ2/61/2021-എസ്.പി.ഡി. തീയതി. 25.11.2021 പ്രകാരം GeM മുഖേനയുള്ള വാങ്ങലിൽ സർക്കാർ നിർദ്ദേശങ്ങളും GeM പോർട്ടലിലെ നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണെന്നും മറ്റ് മാർഗ്ഗത്തിലൂടെയുള്ള വാങ്ങൽ നടത്തുന്നതിന് മുൻപായി GeMൽ ലഭ്യമായിട്ടുള്ള എല്ലാ വാങ്ങൽ മാർഗ്ഗങ്ങളും പരിശോധിച്ചുവെന്ന് ഉറപ്പ് വരുത്തുകയും വേണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

മേൽ വാങ്ങലുകളിൽ സർക്കാർ നിർദ്ദേശ പ്രകാരം GeM ൽ നിന്ന് വാങ്ങുന്ന സാധ്യത പരിഗണിച്ചിരുന്നോ എന്നും വിലകൾ താരതമ്യം ചെയ്തിട്ടുണ്ടോ എന്നതും സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് അന്വേഷണം നം.23/22.06.2022). വാങ്ങലുകൾ സംബന്ധിച്ച് നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ലഭ്യമായ ഏറ്റവും കുറവ് വിലയിൽ ഗുണമേന്മയുള്ള വസ്തുക്കളാണ് വാങ്ങുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-41 പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി ദീർഘിപ്പിച്ച് നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് കരാർ കാലയളവിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി. എഞ്ചിനീയർ 2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് തീയതി | പൂർത്തീകരിക്കേണ്ട തിയതി | പൂർത്തീകരിച്ച തിയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ - 205/21 – രാപ്പാൾ വൈദ്യർ വഴി റീടാറിങ്ങ്<br>അടങ്കൽ – 223702/-<br>കരാർ തുക – 223702/-<br>കരാറുകാരൻ – അനന്തരാമൻ കെ ആർ | 16.7.2018 | 15.6.2019<br>(25.11.2019-ലെ 18(1) തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി പൂർത്തീകരണതീയതി പിഴയില്ലാതെ 29.2.2020 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു) | 10.3.2021 | 6711 (3%) |

| | | | | | |
|---|---|---|---|---|---|
| | എഗ്രിമെന്റ് നം.5/18-19 /AE/LSGD/PPK തീയതി 16.7.2018<br>അളവു പുസ്തകം- 409/20<br>ട്രഷറി ബിൽ നമ്പർ 106/19.3.2021<br>ചെലവ് തുക – 223616/-<br>(സാങ്കേതിക അനുമതി പ്രകാരം 11മാസം) | | | | |

മുകളിൽ പറഞ്ഞ പ്രകാരം പിഴ ഈടാക്കാതിരുന്നതിന്റെ കാരണം വിശദമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 5/20.6.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നതിനാലാണ് പ്രവൃത്തി നീണ്ടുപോയതെന്ന് അറിയിച്ചിട്ടുണ്ട്. ഈ മറുപടി അംഗീകരിക്കാനാകില്ല. 16.7.2018-ൽ എഗ്രിമെന്റ് വച്ച് 15.6.2019-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. പിന്നീട് 29.2.2020 വരെ പിഴയില്ലാതെ പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിച്ച് നൽകിയിരുന്നു. തുടർന്നും കാലാവധി നീട്ടി നൽകുവാൻ കരാറുകാരൻ ആവശ്യപ്പെട്ടിട്ടില്ല. ആയതിനാൽ പിഴയിനത്തിൽ 6711 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-42 മണ്ണിന്റെ വിനിയോഗ വിവരം എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി താഴെ പറയുംപ്രകാരം നടപ്പാക്കിയ കാനനിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി ലഭിച്ച മണ്ണിന്റെ വിനിയോഗ വിവരങ്ങൾ എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

| പ്രോജക്ട് | കരാറുകാരൻ | ചെലവ് തുക | ട്രഷറി ബിൽ നമ്പർ/തീയതി | എം ബുക്ക് നമ്പർ |
|---|---|---|---|---|
| 160/21 – നടക്കാവ് റോഡ് ഡ്രെയിനേജ് | സെക്രട്ടറി, മറ്റത്തൂർ ലേബർ കോൺട്രാക്ട് സഹകരണ സംഘം | 533258/- | 31/15.5.2020 | 449/18-19 |

മേൽ പറഞ്ഞ എം ബുക്കിന്റെ പേജ് നമ്പർ 16 പ്രകാരം പ്രവൃത്തിയുടെ ഭാഗമായി 126.25 എം3 മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. എന്നാൽ മണ്ണിന്റെ വിനിയോഗ വിവരം എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം ലഭിച്ച മണ്ണ് ലേലം ചെയ്ത് കൊടുത്തിട്ടുണ്ടോ എന്ന വിവരം ഓഡിറ്റിൽ അറിയിക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 13/21.6.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി തൊഴിലുറപ്പ് പദ്ധതിയായ കുറുമാലി പുഴ ബണ്ട് നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സാധൂകരിക്കുന്നതിനു വേണ്ട രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല. പഞ്ചായത്ത് കമ്മിറ്റി ഇത്തരത്തിൽ തീരുമാനമെടുത്തതായി കാണുന്നില്ല. അളവുപുസ്തകത്തിലും ഇത്തരത്തിലുള്ള രേഖപ്പെടുത്തലുകൾ ഇല്ല. ഇത്തരത്തിൽ മണ്ണ് ബണ്ട് നിർമ്മാണത്തിന് ഉപയോഗപ്പെടുത്തിയതിന് ആധാരമായ പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-43 മരാമത്ത് പ്രവൃത്തിയുടെ കരാർ വയ്ക്കാൻ വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും അങ്ങനെ ചെയ്യാത്ത പക്ഷം 14 ദിവസം മുതൽ 10 ദിവസത്തിനകം കരാർ തുകയുടെ 1% പിഴ ഈടാക്കി ഉടമ്പടി വയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. കരാറുകാരുമായുള്ള വച്ചിട്ടുള്ള പ്രിലിമിനറി എഗ്രിമെന്റിൽ ഇക്കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനിയർ 2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന | എഗ്രിമെന്റ് വെച്ച തീയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | തിയതി | | |
| 1 | പ്രോജക്റ്റ് നമ്പർ -146/21 – അംഗൻവാടിക്ക് ചുററുമതിൽ കെട്ടി സംരക്ഷിക്കൽ (നമ്പർ 5)<br>അടങ്കൽ - 150141 (സംരക്ഷണ ഗ്രാന്റ് നോൺ റോഡ്)<br>കരാർ തുക – 192659<br>കരാറുകാരൻ - മറ്റത്തൂർ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം<br>എഗ്രിമെന്റ് നം.:27/18-19 /LSGD/PPK Dt. 25.7.2018<br>ട്രഷറി ബിൽ നമ്പർ – 19/17.4.2020<br>ചെലവ് തുക – 150141/- | 02.07.2018 | 16.07.2018 | 25.07.2018 | 1927 |

മുകളിൽ പറഞ്ഞ പ്രകാരം പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും പിഴ ഈടാക്കാതിരുന്നതിന്റെ കാരണം വിശദമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 20/22.6.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. മുകളിൽ പറഞ്ഞപ്രകാരം 1927 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-44 റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പാക്കിയ റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതായിരുന്നു. എന്നാൽ കാലി ബാരലിന്റെ വില ഈടാക്കാതെയാണ് കരാറുകാർക്ക് ബിൽ തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് | കരാറുകാരൻ | എംബി നമ്പർ | ട്രഷറി ബിൽ നമ്പർ/തീയതി | ചെലവ് തുക | ഉപയോഗിച്ച ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട തുക @281/- (18% GST ഉൾപ്പെടെ) |
|---|---|---|---|---|---|---|---|
| 1 | 165/21 – അസിസ്സി മിഷൻ റോഡ് | മറ്റത്തൂർ ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം | 453/18-19 | 3/17.4.20 | 249464 | 13.12 | 3687 |
| 2 | 164/21 പള്ളിനട റോഡ് റീടാറിങ്ങ് | - ടി - | 217/18-19 | 4/17.4.20 | 499613 | 25.58 | 7188 |
| 3 | 161/21 – കാഞ്ഞിരക്കടവ് റോഡ് റീടാറിങ്ങ് | - ടി - | 213/18-19 | 16/17.4.20<br>5/17.4.20 | 480733<br>419078 | 46.53 | 13075 |
| 4 | 166/21 – ചാത്താംകുഴി റോഡിലെ ശാഖാറോഡ് ടാറിങ്ങ് | - ടി- | 447/18-19 | 23/17.4.20 | 249868 | 13.09 | 3678 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | 168/21 – മഹാവിഷ്ണു ക്ഷേത്രം റോഡ് റീടാറിങ്ങ് | - ടി - | 437/18-19 | 24/17.4.20 | 171140 | 9.2 | 2585 |
| 6 | 183/21 – കന്നമ്മക്കര റോഡ് റീടാറിങ്ങ് | - ടി - | 451/18-19 | 25/17.4.20 | 299662 | 16.33 | 4589 |
| 7 | 178/21 – ടാഗോർ മൈതാനം റോഡ് റീടാറിങ്ങ് | - ടി - | 218/18-19 | 26/17.4.20 | 214028 | 11.54 | 3243 |
| 8 | 197/21 – പറപ്പൂക്കര പട്ടികജാതി കോളനിയിൽ റോഡ് നിർമ്മാണം | - ടി - | 452/18-19 | 13/17.4.20 | 159994 | 3.24 | 910 |
| 9 | 177/21 – നെട്ടുമ്പാൾ കാരിക്കാട്ട് റോഡ് നിർമ്മാണം | - ടി - | 454/18-19 | 42/12.8.20 | 199924 | 4.81 | 1352 |
| 10 | 201/21 – കോമ്പാത്ത് റോഡ് പൂർത്തീകരണം രണ്ടാം ഘട്ടം | - ടി - | 539/18-19 | 94/5.3.21 | 65850 | 1.57 | 441 |
| 11 | 222/21 – ആലത്തൂർ എസ്എൻഡിപി റോഡ് നിർമ്മാണം | - ടി - | 852/20 | 109/27.3.21 | 323178 | 7.07 | 1987 |
| 12 | 162/21 – വെള്ളപ്പാടി റോഡ് അവസാന ഭാഗം റീടാറിങ്ങ് | ജോൺസൺ കെ ഡി | 455/18-19 | 7/17.4.20 | 249231 | 13.38 | 3760 |
| 13 | 184/21 – തൊട്ടിപ്പാൾ മാടപ്പുറം റോഡ് റീടാറിങ്ങ് | ഷമ്മി എം കെ | 457/18-19 | 8/17.4.20 | 349091 | 18.72 | 5260 |
| 14 | 175/21 – മാടപ്പുറം ലെഫ്റ്റ് റോഡ് ഫോർമേഷൻ | ഷമ്മി എം കെ | 250/18-19 | 51/14.8.20 | 199653 | 4.78 | 1343 |
| 15 | 106/21 – നടക്കാവ് റോഡ് റീടാറിങ്ങ് | ഷമ്മി എം കെ | 861/20 | 98/12.3.21 | 299954 | 17.6 | 4946 |
| 16 | 195/21 – പറപ്പൂക്കര ഏലാ റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 456/18-19 | 11/17.4.20 | 265515 | 15.67 | 4403 |
| 17 | 223/21 – നെട്ടുമ്പാൾ തെക്കുട്ട് റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 269/18-19 | 39/12.8.20 | 543038 | 28.8 | 8093 |
| 18 | 212/21 – തെക്കുംമൂലക്കര റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 264/18-19 | 40/12.8.20 | 339341 | 20.53 | 5769 |
| 19 | 158/21 – കെ ടി അച്യുതമേനോൻ | അനന്തരാമൻ കെ ആർ | 465, 518/18-19 | 46/12.8.20 | 498966 | 27.09 | 7612 |

| | | | | | | | |
|---|---|---|---|---|---|---|---|
| | റോഡ് റീടാറിങ്ങ് കാന നിർമ്മാണം | | | | | | |
| 20 | 148/21 – കാളൻവഴി വീതി കൂട്ടൽ & റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 268/18-19 | 47/12.8.20 | 468347 | 16.87 | 4740 |
| 21 | 171/21 – കാളൻവഴി വീതി കൂട്ടി റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 197/18-19 | 50/12.8.20 | 540434 | 18.19 | 5111 |
| 22 | 228/21 – എസ്എൻഡിപി റോഡ് റീടാറിങ്ങും ടൈൽ വിരിക്കലും | അനന്തരാമൻ കെ ആർ | 260/18-19 | 53/18.9.20 | 397438 | 14 | 3934 |
| 23 | 172/21 – കല്ലിക്കടവ് അമ്പലം റോഡ് ടാറിങ്ങ് | അനന്തരാമൻ കെ ആർ | 462/18-19 | 59/16.11.20 | 194022 | 4.63 | 1301 |
| 24 | 111/21 – കൈരളി മാടപ്പാടം റോഡ് റീടാറിങ്ങ് കാന നിർമ്മാണം | അനന്തരാമൻ കെ ആർ | 396/20 | 82/22.2.21<br>64/4.12.20 | 789922 | 12 | 3372 |
| 25 | 224/21 – കോലോത്ത് കുളം റോഡ് പൂർത്തീകരണം | അനന്തരാമൻ കെ ആർ | 537/18-19 | 74/10.2.21 | 394843 | 7 | 1967 |
| 26 | 255/21 – മുല്ലക്കൽ കോളനി റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 538/18-19 | 75/12.2.21 | 93746 | 5.42 | 1523 |
| 27 | 88/21 – ആലത്തൂർ എസ്എൻഡിപി മുതൽ കാരക്കാട്ടുകടവ് വരെ റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 403/20 | 76/12.2.21 | 491942 | 27.19 | 7640 |
| 28 | 32/21 -പറാത്തോട് ഹരിജൻകോളനി റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 404/20 | 77/22.2.21 | 502448 | 26.66 | 7941 |
| 29 | 99/21 – കൃഷിഭവൻ റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 405/20 | 78/22.2.21 | 688790 | 37.82 | 10627 |
| 30 | 92/21 – താമരച്ചാൽ റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 406/20 | 82/22.2.21 | 399967 | 22.77 | 6398 |
| 31 | 115/21 – മാത സിറാമിക്സ് റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 855/20 | 83/25.2.21 | 173774 | 9.52 | 2675 |
| 32 | 91/21 – കരിപ്പേരി റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 857/20 | 91/4.3.21 | 299978 | 11 | 3091 |
| 33 | 213/21 – ചാത്തനാത്ത് റോഡ് മെറ്റലിങ്ങ് | അനന്തരാമൻ കെ ആർ | 854/20 | 92/4.3.21 | 286128 | 5 | 1405 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ടാറിങ്ങ് സെക്കന്റ് റീച്ച് | | | | | | |
| 34 | 246/21 – കെ എസ് റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 856/20 | 93/4.3.21 | 207508 | 10.5 | 2950 |
| 35 | 220/21 – പന്തല്ലൂർ ലക്ഷംവീട് വഴി പുതിയ റോഡ് നിർമ്മാണം | അനന്തരാമൻ കെ ആർ | 860/20 | 96/10.3.21 | 301474 | 6.42 | 1804 |
| 36 | 206/21 – പറകാടൻ റോഡ് ടാറിങ്ങ് | അനന്തരാമൻ കെ ആർ | 862/20 | 97/10.3.21 | 190378 | 5.24 | 1472 |
| 37 | 90/21 – പന്തല്ലൂർ ഹരിശ്രീ റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 868/20 | 104/19.3.21 | 149973 | 8.38 | 2355 |
| 38 | 217/21 – രാപ്പാൾ അമ്പാടി റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 415/20 | 26/23.4.20 | 214028 | 11.36 | 3192 |
| 39 | 205/21 – രാപ്പാൾ വൈദ്യർ വഴി റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 409/20 | 106/19.3.21 | 223616 | 8.7 | 2445 |
| 40 | 221/21 – പന്തല്ലൂർ സ്കൂൾ കോണിക്കച്ചിറ റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 869/20 | 107/19.3.21 | 152743 | 8.22 | 2310 |
| 41 | 38/21 – ജിഎൽപിഎസ് റോഡ് റീ ടാറിങ്ങ് | ബാബു പി എൽ | 864/20 | 100/12.3.21 | 199875 | 16.22 | 4558 |
| 42 | 120/21 – നെട്ടമ്പാൾ പനംകുളം റോഡ് റീടാറിങ്ങ് | ബാബു പി എൽ | 863/20 | 101/12.3.21 | 299959 | 11.55 | 3245 |
| | ആകെ | | | | | | 169977 |

മുകളിൽ പറഞ്ഞു പ്രകാരം ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കാതിരുന്നതിന്റെ കാരണം വിശദമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 21/22.6.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ആയതിനാൽ കാലി ബാരൽ വില ഇനത്തിൽ 169977 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 1-45 പൊതുമരാമത്ത് പണികളുടെ നടത്തിപ്പിലെ അപാകതകൾ

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്)ചട്ടങ്ങളിലെ ചട്ടം-18പ്രകാരം, ചട്ടത്തിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ള സംഗതികളിലൊഴികെ, പഞ്ചായത്തിൽ ഒരു പൊതുമരാമത്ത്പണിയുടെ നടപടിക്രമം സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം തന്നെയാണ്.

01.02.2012-ലെ ജി.ഒ.(പി)നം.13/12/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പുതുക്കിയ പിഡബ്ള്യുഡി മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. 17.10.2012-ലെ ജി.ഒ.(എം.എസ്) നം.270/12/തസ്വഭവ-ഉത്തരവ് പ്രകാരം, പുതുക്കിയ പിഡബ്ള്യുഡി മാന്വൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിലും നടപ്പാക്കി ഉത്തരവായി.

17.04.2013-ലെ ജി.ഒ.(പി)നം.36/13/പിഡബ്ള്യുഡി-ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ 01.10.13 മുതൽ CPWD DATA, SOR, NBC Guidelines, MORTH Specification എന്നിവ സ്വീകരിച്ച് ഉത്തരവായി. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ CPWD, MORTH, MORD സ്പെസിഫിക്കേഷൻ നടപ്പിലാക്കുന്നതിന് വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി.

പറപ്പൂക്കര ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പ്രവർത്തനകലണ്ടർ-കരാറുകാർ സമർപ്പിക്കുന്നില്ല

2012 ലെ പിഡബ്ള്യുഡി മാന്വൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല.

2) പ്രവൃത്തിയുടെ കാലാവധി നീട്ടുന്നതിന് പിഴ ഈടാക്കാനുള്ള വ്യവസ്ഥ—കരാറിൽ ചേർത്തിട്ടുള്ളത് പുതുക്കിയ മാന്വൽ വ്യവസ്ഥ പ്രകാരമല്ല.

പുതുക്കിയ പിഡബ്ള്യൂഡി മാന്വൽ പ്രകാരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നാൽ സ്വീകരിക്കേണ്ട നടപടികളും ഫൈൻ സംബന്ധിച്ച വ്യവസ്ഥകളും സെക്ഷൻ 2112, 2112.1 എന്നിവയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ 2020-21 സാമ്പത്തികവർഷത്തിൽ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിലെ കരാർ വ്യവസ്ഥകൾ പരിശോധിച്ചപ്പോൾ, ബന്ധപ്പെട്ട കരാറിൽ ഈ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിനു പകരം പരിഷ്കരിച്ച മാന്വൽ പ്രയോഗത്തിൽ വരുന്നതിന് മുൻപ് നിലവിലുള്ള വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയതായി കാണുന്നത്.

3) പൊതുമരാമത്ത് പണിയുടെ ഡിസ് പ്ലേ ബോർഡുകൾ പ്രദർശിപ്പിക്കുന്നില്ല

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം-17(3) പ്രകാരം, പൊതുമരാമത്ത് പണിയുടെ ഡിസ് പ്ലേ ബോർഡുകൾ പണിസ്ഥലത്ത് പ്രദർശിപ്പിക്കുന്നതിന് നിഷ്കർഷിക്കുന്നുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചശേഷം പ്രവൃത്തി നടക്കുന്ന സ്ഥലത്ത് പ്രവൃത്തിയുടെ പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ടിന്റെ ഇനം, തദ്ദേശഭരണ സ്ഥാപനത്തിന്റെ പേര് എന്നിവ പ്ലേക്കിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കണമെന്നും ഡിസ് പ്ലേ ബോർഡുകൾക്ക് വേണ്ട തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണെന്നും 29.01.2018 ലെ സ. ഉ(കൈ). നം. 11/18/ത.സ്വ.ഭ.വ ഖണ്ഡിക 13.5 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. മരാമത്ത് ഫയലുകളിൽ ഈ നിയമ വ്യവസ്ഥകൾ പാലിച്ചതായി രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല.

മുകളിൽ പറഞ്ഞ അപാകതകൾക്ക് മറുപടി ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 22/22.6.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ാ

## 1-46 പഞ്ചായത്ത് പരിധിയിലെ 12 മുതൽ 16 വയസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം - പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ

ഹെഡ്മിസ്ട്രസ്സ്, ജിഎൽപിഎസ് പറപ്പൂക്കര നിർവ്വഹണഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ 163/21 പ്രകാരം നടപ്പാക്കിയ പഞ്ചായത്ത് പരിധിയിലെ 12 മുതൽ 16 വയസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം എന്ന പ്രോജക്ടിനുവേണ്ടി പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും ട്രഷറി ബിൽ നമ്പർ 1/21.7.2020 പ്രകാരം 160000 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.
30.11.2019 മുതൽ 1.2.2020 വരെയുള്ള(ശനി, ഞായർ ദിവസങ്ങളിൽ) 16 അവധി ദിവസങ്ങളിൽ നീന്തൽ പരിശീലനം നടത്തി എന്ന് കാണിച്ച് ബിനു എം വി എന്നയാൾക്ക് നൽകിയിട്ടുണ്ട്. നീന്തൽ പരിശീലകനെ തിരഞ്ഞെടുത്തതിനെ സംബന്ധിച്ചുള്ള ഭരണസമിതിയുടേയോ പർച്ചേസ് കമ്മിറ്റിയുടേയോ തീരുമാനം ലഭ്യമാക്കിയിട്ടില്ല. തദ്ദേശസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി ഒ (പി)259/2010/തസ്വഭവ. തീയതി 8.11.20210 പ്രകാരം 50000 രൂപ മുതൽ 100000 രൂപ വരെയുള്ള സാധനങ്ങളോ സേവനങ്ങളോ വാങ്ങുന്നതിന് ലിമിറ്റഡ് ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇവിടെ 100000 രൂപക്ക് പരിശീലകനെ നിയമിച്ചതിന് ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല. പരിശീലകനെ തിരഞ്ഞെടുത്തത് സംബന്ധിച്ച പർച്ചേസ് കമ്മിറ്റി തീരുമാനം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 100000 രൂപ തടസ്സത്തിൽ വക്കുന്നു. (ഓഡിറ്റ് അന്വേഷണം നമ്പർ 2/20.6.2022)

## 1-47 പാലിയേറ്റീവ് പരിചരണം -മരുന്നുകൾ

പദ്ധതി നം . 40/2021

ഗൃഹ കേന്ദ്രീകൃത പാലിയേറ്റീവ് പരിചരണം

ചെലവ്-766600/- ബിൽ നം.13/17.2.2021

നിർവ്വഹണഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ

എഫ്,എച്ച് സി,പറപ്പൂക്കര

2020-21സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നടപ്പിലാക്കിയ ഗൃഹ കേന്ദ്രീകൃത പാലിയേറ്റീവ് പരിചരണം പദ്ധതിയിൽ മരുന്നുകൾ വാങ്ങുന്നതിനായി 766600/- രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നല്കിയിട്ടുണ്ട്. ഇതുവരെ 701043/- രൂപയുള്ള മരുന്നുകളാണ് ലഭ്യമായിട്ടുണ്ട് . ബാക്കി തുകയ്ക്കുള്ള മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ. 4/20.6.2021 ന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-48 വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ പ്രൊജക്ടുകൾ - പ്രൊജക്ടുകളുടെ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

താഴെ പറയുന്ന പ്രൊജക്ടുകളുടെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| ക്രമനമ്പർ | പ്രൊജക്ടിന്റെ പേരും പ്രൊജക്ട് നമ്പരും | സുലേഖ ചെലവ് പത്രിക പ്രകാരം പ്രൊജക്ട് മുഖേന ചെലവഴിച്ച തുക | ഫണ്ടിനം |
|---|---|---|---|
| 1 | കറവപ്പശു വിതരണ പദ്ധതി- 191/21 (സ്പിൽ ഓവർ) | 5,00,000 | വികസന ഫണ്ട് (ജനറൽ) |
| 2 | കറവപ്പശു വിതരണ പദ്ധതി(എസ്.സി) - 192/21 (സ്പിൽ ഓവർ) | 2,18,750 | എസ്.സി.പി ഫണ്ട് |
| 3 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ പദ്ധതി- 190/21 (സ്പിൽ ഓവർ) | 6,25,000 | വികസന ഫണ്ട് (ജനറൽ) |
| 4 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - 125/21 | 1,25,000 | എസ്.സി.പി. ഫണ്ട് |

| | | | |
|---|---|---|---|
| 5 | മുട്ടക്കോഴി വിതരണ പദ്ധതി-194/21 (സ്പിൽ ഓവർ) | 55,500 | വികസന ഫണ്ട് (ജനറൽ) |
| ആകെ ചെലവ് | | 15,24,250 | |

ആയത് ലഭ്യമാക്കുന്നത് വരെ 15,24,250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-49 മുട്ടക്കോഴിയും കൂടും വിതരണം - ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കിയില്ല

2020-21 വർഷത്തിൽ നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകൾ മുഖേന കോട്ടക്കുന്ന് അഗ്രോ ആൻഡ് പൗൾട്രി ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി ലിമിറ്റഡിൽ നിന്നും കോഴിക്കുട്ടകൾ വാങ്ങിയിട്ടുണ്ട്.

| ക്രമനമ്പർ | പ്രൊജക്ടിന്റെ നമ്പരും പേരും | വാങ്ങിയ കോഴിക്കുട്ടകളുടെ എണ്ണം | നിരക്ക് | നൽകിയ തുക (ജി.എസ്.ടി.) ഉൾപ്പെടെ |
|---|---|---|---|---|
| 1 | മുട്ടക്കോഴിയും കൂടും വിതരണം(എസ്.സി)-126/21 | 54 | 4,819.32 (ജി.എസ്.ടി ഒഴികെ)<br>5,735 (ജി.എസ്.ടി ഉൾപ്പെടെ) | 3,09,690 |
| 2 | മുട്ടക്കോഴിയും കൂടും വിതരണം(ജനറൽ)-128/21 | 60 | 4,819.32 (ജി.എസ്.ടി ഒഴികെ)<br>5,735 (ജി.എസ്.ടി ഉൾപ്പെടെ) | 3,44,100 |

CGST Act/SGST Act 2017 ലെ സെക്ഷൻ 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2.50 ലക്ഷത്തിൽ അധികമാകുന്ന സാധനങ്ങളുടേയോ, സേവനങ്ങളുടേയോ രണ്ടിന്റെയുമോ കരാറുകളിലെ കരാറുകാരിലെ ബില്ലിൽ നിന്നും സ്രോതസ്സിൽ നിന്ന് 2% (1%+1%)തുക കറവ് ചെയ്യേണ്ടതുണ്ട്.

എന്നാൽ മേൽ വാങ്ങലുകളിൽ കരാറിൽ ഏർപ്പെടുകയോ ടാക്സ് ഇൻവോയ്സ് പ്രകാരമുള്ള തുക അനുവദിക്കുമ്പോൾ ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കുകയോ ചെയ്തിട്ടില്ല. അപാകങ്ങൾ സംബന്ധിച്ച മറുപടി ലഭ്യമാക്കേണ്ടതും ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നം. 17/22.06.22)

## 1-50 പശുവളർത്തൽ പദ്ധതികൾ - അപാകങ്ങൾ

| പ്രൊജക്ടിന്റെ നമ്പരും പേരും | ചെലവഴിച്ച തുക |
|---|---|
| ജീവനോപാധി - പശു വളർത്തൽ (199/21)- സ്പിൽ ഓവർ | 9,00,000 – വികസന ഫണ്ട് (ജനറൽ) |
| ജീവനോപാധി - പശു വളർത്തൽ-എസ്.സി. (200/21) (സ്പിൽ ഓവർ) | 15,60,000 – എസ്.സി.പി. |
| സുഭിക്ഷ കേരളം - കറവപ്പശു വിതരണം -284/21 | 3,00,000 – വികസന ഫണ്ട് (ജനറൽ) |

സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ. തീയതി 14.02.2018 സബ്സിഡി മാർഗ്ഗരേഖയിലെ പശുവളർത്തൽ പദ്ധതികൾക്കായുള്ള നിർദ്ദേശങ്ങൾ പ്രകാരം വികസന സ്റ്റാന്റിംഗ് കമ്മറ്റി ചെയർ പേഴ്സൺ ചെയർമാനായും, വെറ്റിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളുമായുള്ള കമ്മറ്റിയായിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടത്. പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെ ഈ സമിതിക്ക് നേരിട്ട് വാങ്ങാം. പ്രായം, ഗുണനിലവാരം എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകണം., ഉരുക്കളെ കുറഞ്ഞത് മൂന്ന് വർഷമെങ്കിലും വളർത്തുമെന്ന് ഗുണഭോക്താക്കളുമായി കരാർ വെക്കണം.

എന്നാൽ മേൽ പദ്ധതികളുടെ ചെലവ് രേഖകൾ പ്രകാരം മേൽ നിബന്ധനകൾ പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. പർച്ചെയ്സ് കമ്മിറ്റിയുടെ സാക്ഷ്യപത്രം, പ്രായം,ഗുണനിലവാരം എന്നിവ ഉറപ്പ് വരുത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം എന്നിവ ഇല്ല. പശുവിനെ വിറ്റയാളുടെ ബാങ്ക് അക്കൗണ്ടിലേക്കാണ് തുക കൈമാറിയത് എന്ന് ഉറപ്പ് വരുത്താനാവശ്യമായ രേഖകൾ ഇല്ല. ഗുണഭോക്താക്കളുടെ അപേക്ഷകൾക്കൊപ്പം മുദ്രപത്രം സൂക്ഷിച്ചിട്ടുണ്ടെങ്കിലും കരാർ നിബന്ധനകൾ എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പശുക്കളെ ഇൻഷ്വർ ചെയ്ത രേഖകൾ ഫയലിൽ ഇല്ല.

മേൽ വിഷയം സംബന്ധിച്ച് മറുപടി ലഭ്യമാക്കേണ്ടതും ഭാവിയിൽ അപാകങ്ങൾ ഒഴിവാക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം. നം. 17/22.06.22)

## 1-51 പ്രത്യേക കന്നുകുട്ടിപരിപാലന പരിപാടി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

കന്നുകുട്ടി പരിപാലനം (ജനറൽ-വനിത)- പ്രൊജക്ട് നമ്പർ -283/21 പ്രകാരം പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് താഴെ പറയും പ്രകാരം തുക കൈമാറിയിട്ടുണ്ട്.

വികസന ഫണ്ട് (ജനറൽ)- 3,41,640 (വൗച്ചർ നം. 22001417/24.02.21)

ബ്ലോക്ക് വിഹിതം - 91,350 (വൗച്ചർ നം. 22001577/26.03.21)

-----------

ആകെ – 4,32,990

പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 17/22.06.22)

## 1-52 തെരുവ് വിളക്കുകളുടെ പരിപാലനം- പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രൊജക്ടിന്റെ പേരും നമ്പരും | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയും പ്രവർത്തന ക്ഷമമാക്കലും (188/21) (സ്പിൽ ഓവർ)<br>ചെലവഴിച്ച തുക<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 1,33,399/-<br>തനത് ഫണ്ട് - 8,25,116/-<br>---------<br>ആകെ 9,58,515/- |

മേൽ പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ താഴെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനത്തിനായി വാർഷിക അറ്റകുറ്റപ്പണി കരാർ പ്രകാരം തുക അനുവദിച്ചിട്ടുള്ളത് അമാസ് പവർ കോൺട്രാക്ടേഴ്സ് എന്ന സ്ഥാപനത്തിനാണ്. 2019-20 വർഷം നടപ്പാക്കിയ പദ്ധതിയുടെ സ്പിൽ ഓവർ പദ്ധതി ആയിട്ടാണ് മേൽ പ്രൊജക്ട് നടപ്പാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ 08.08.2019 ലെ 2(2) തീരുമാന പ്രകാരം 2019-20 വർഷം നടപ്പാക്കിയ 115/20- തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയും പ്രവർത്തന ക്ഷമമാക്കലും എന്ന പ്രൊജക്ടിന്റെ വാർഷിക അറ്റകുറ്റപ്പണി കരാർ ശ്രീ.റിയാസ്, തയ്യിൽ വീട്, ഫറോക്ക് (അമാസ് പവർ കോൺട്രാക്ടേഴ്സ്) എന്നയാൾക്ക് നൽകിയിട്ടുള്ളതും കരാർ കാലാവധി 31.03.2020 ന് അവസാനിച്ചിട്ടുള്ളതാണ്. എന്നാൽ 2020-21 വർഷത്തിൽ തെരുവ് വിളക്കുകളുടെ പരിപാലനത്തിനായി പുതിയ പ്രൊജക്ട് രൂപീകരിച്ച് ഇ-ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിന് പകരം സ്പിൽ ഓവർ പദ്ധതിയിൽ അധിക തുക വകയിരുത്തി പ്രൊജക്ട് നടപ്പാക്കുകയാണ് ചെയ്തിട്ടുള്ളത്. മാത്രമല്ല 2020-21 വർഷത്തിൽ കരാറിൽ ഏർപ്പെടാതെയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്. പിന്നീട് 28.09.2020 ലെ 1(13) തീരുമാന പ്രകാരം 05/10/2020 ന് മാത്രമാണ് 2020-21 ൽ ശേഷിക്കുന്ന 5 മാസത്തേക്ക് കരാറിൽ ഏർപ്പെട്ടത്.

2. 2019-20 വർഷത്തിൽ അംഗീകരിച്ച നിരക്ക് പ്രകാരം ഒരു തെരുവ് വിളക്കിന് ഒരു വർഷത്തേക്കുള്ള നിരക്ക് താഴെ ചേർക്കുന്നു.

| | |
|---|---|
| എൽ.ഇ.ഡി ബൾബ് | 440/- രൂപ |
| ബൾബ് | 10/- രൂപ |
| സി.എഫ്.എല് | 440/- രൂപ |
| ട്യൂബ്സെറ്റ് | 590/- രൂപ |

മേൽ പ്രൊജക്ടിനായി 9,58,515/- രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഓരോ വാർഡിലും അറ്റകുറ്റപ്പണികൾ ചെയ്ത തെരുവു വിളക്കുകൾ പോസ്റ്റ് നമ്പർ സഹിതം ഇനം തിരിച്ച് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകുകയും ആയത് പ്രകാരം തുക അനുവദിക്കുകയുമാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഇവയുടെ നിജസ്ഥിതി പരിശോധിക്കുന്നതിന് പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഓരോ വാർഡിലെയും ഇലക്ട്രിക് പോസ്റ്റുകളിലെ തെരുവ് വിളക്കുകളുടെ എണ്ണം ഇനം തിരിച്ച് രേഖപ്പെടുത്തി ആധികാരികമാക്കി സൂക്ഷിക്കാത്തതിനാൽ ചെലവിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല.

3. കരാറുകാരൻ ഹാജരാക്കിയ വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയ റിപ്പയർ ചെയ്ത വിളക്കുകളുടെ ആകെ തുകയും കരാറുകാരൻ തന്നെ ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സ് പ്രകാരമുള്ള തുകയും പലപ്പോഴും പൊരുത്തപ്പെടുന്നില്ല.

ഉദാ:- 1. 26.03.2020 മുതൽ 21.07.20 വരെയുള്ള തെരുവ് വിളക്കുകളുടെ റിപ്പയർ ഇനത്തിൽ വാർഡ് മെമ്പർമാർ അനുവദിച്ച സാക്ഷ്യപത്രങ്ങൾ പ്രകാരം റിപ്പയർ ചെയ്ത തെരുവ് വിളക്കുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

സി.എഫ്.എൽ - 131 എണ്ണം * 440/- = 57,640/-

ട്യൂബ് സെറ്റ് - 437 എണ്ണം * 590/- = 2,57,830/-

എൽ.ഇ.ഡി. - 1 എണ്ണം * 440/- = 440/-

----------

ആകെ 3, 15,910/-

എന്നാൽ കരാറുകാരൻ ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സ് പ്രകാരം 2,65,000/- രൂപ മാത്രമാണ് നൽകിയിട്ടുള്ളത്.

ഉദാ: -2 22.07.2020 മുതൽ 01.10.2020 വരെയുള്ള റിപ്പയർ ഇനത്തിൽ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്ര പ്രകാരം ആകെ 464 ട്യൂബ് സെറ്റുകളും, 233 സി.എഫ്.എല്ലും, 3 എൽ.ഇ.ഡി കളുമാണ് റിപ്പയർ ചെയ്തിട്ടുള്ളത്. ഇതിന് അംഗീകരിച്ച നിരക്ക് പ്രകാരം ആകെ 377600/- രൂപ വരുന്നുണ്ടെങ്കിലും കരാറുകാരൻ ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സ് പ്രകാരം 2,60,516/- രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

മേൽ അപാകങ്ങൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 07/21.06.22) മറുപടി ലഭ്യമാക്കിയില്ല. തെരുവു വിളക്കുകളുടെ പരിപാലന പദ്ധതികൾ സർക്കുലർ നം. 3055/ഡി.എ.3/2011/തസ്വഭവ. തീയതി 16.09.2011 , പഞ്ചായത്ത് ഡയറക്ടറുടെ 17-08-2015ലെ ജി2-44274/2015 നമ്പർ ഉത്തരവ് എന്നിവ പാലിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. കെ.എസ്.ഇ.ബി.യുമായി ചേർന്ന് പഞ്ചായത്ത് തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തേണ്ടതും തെരുവു വിളക്കുകളുടെ എണ്ണം, തരം മുതലായവ വാർഡ് തിരിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തി ആധികാരികമാക്കി അടിസ്ഥാന രേഖയാക്കി സൂക്ഷിക്കേണ്ടതും കാലാകാലങ്ങളിൽ വിവിധ പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന തെരുവു വിളക്കുകളുടെ വർദ്ധനവ്, തരത്തിലുള്ള മാറ്റം, ഒഴിവാക്കലുകൾ എന്നിവ അതത് സമയങ്ങളിൽ രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-53 പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ - എസ്റ്റിമേറ്റോ ക്വട്ടേഷനോ ഇല്ലാതെ തുക ചെലവഴിച്ചു

പ്രൊജക്ട് നമ്പർ - 291/21 - കുറുമാലിപ്പുഴയിലെ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനുള്ള പ്രൊജക്ട് - ജലപ്രയാണം - 2020 എന്ന പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും 2,36,500/- രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 5,00,000/- രൂപയുമടക്കം 7,36,500/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനായി ചെലവായ തുക കുറുമാലിപ്പുഴ ഗ്രാമപഞ്ചായത്തിലൂടെ കടന്ന് പോകുന്ന വാർഡുകളിലെ വാർഡ് തല സമിതിക്ക് വേണ്ടി അതത് വാർഡ് മെമ്പർമാരുടെ അക്കൗണ്ടുകളിലേക്ക് വിവിധ വൗച്ചറുകളിലായി താഴെ പ്രകാരം തുക അനുവദിച്ചു.

| വാർഡിന്റെ പേര് | അനുവദിച്ച തുക | വൗച്ചർ നമ്പർ/തീയതി-തുക |
|---|---|---|
| വാർഡ് 1 | 1,00,000/- | 22000370/06.07.20-15,000<br>22000371/06.07.20-15,000<br>22000429/21.07.20- 20,000<br>22000432/21.07.20-15,000<br>22000433/21.07.20-15,000<br>22000434/21.07.20-10,000<br>22000435/21.07.20-10,000 |
| വാർഡ് 2 | 1,49,000/- | 22000321/29.06.20-20,000<br>22000322/29.06.20-20,000<br>22000367/06.07.20-15,000<br>22000368/06.07.20-15,000<br>22000369/06.07.20-15,000<br>22000426/21.07.20-28,000<br>22000427/21.07.20-15,000<br>22000428/21.07.20-21,000 |
| വാർഡ് 3 | 80,000/- | 22000285/19.06.20-20,000<br>22000307/26.06.20-20,000<br>22000308/26.06.20-7,000<br>22000309/26.06.20-20,000<br>22000310/26.06.20-6,000<br>22000311/26.06.20-7,000 |
| വാർഡ് 4 | 1,14,844/- | 22000207/08.06.20-2,844<br>22000208/08.06.20-3,500<br>22000209/08.06.20-8,500<br>22000222/11.06.20-20,000<br>22000236/11.06.20-20,000<br>22000245/12.06.20-20,000<br>22000260/16.06.20-20,000<br>22000261/16.06.20-20,000 |
| വാർഡ് 5 | 1,43,603/- | 22000319/29.06.20-21,000<br>22000320/29.06.20-21,000<br>22000419/16.07.20-13,603<br>22000430/21.07.20-28,000<br>22000436/21.07.20-30,000<br>22000437/21.07.20-30,000 |
| വാർഡ് 6 | 98,863/- | 22000299/23.06.20-21,000<br>22000300/23.06.20-21,000<br>22000301/23.06.20-363<br>22000304/26.06.20-21,000<br>22000372/06.07.20-21,000 |

| | | |
|---|---|---|
| | | 22000446/27.07.20-8,500<br>22000447/27.07.20-6,000 |
| ആകെ | 6,86,310 | |
| കുണ്ടുകടവിലെ മണ്ണ് നീക്കം ചെയ്യതിന് ജെ.സി.ബി. വാടക ഇനത്തിൽ അനുവദിച്ചത് | 50,190- | 22000298/23.06.20-50,190 |
| ഒട്ടാകെ | 7,36,500 | |

ഫയലിൽ ലഭ്യമായ രേഖകൾ പ്രകാരം പുഴയിലെ മരങ്ങളും മുളകളും മുറിച്ച് മാറ്റിയതിന് കൂലിയിനത്തിലും ഉപകരണങ്ങളുടെ വാടക ഇനത്തിലുമാണ് വാർഡ് തല സമിതികൾ തുക ചെലവഴിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ 26.05.2020 ലെ തീരുമാന നമ്പർ 8(1) പ്രകാരം " കുറുമാലിപ്പുഴയുടെ പന്തല്ലൂർ, കുണ്ടുകടവ് ഭാഗത്ത് രണ്ട് പ്രളയങ്ങളിലും അടിഞ്ഞ് കൂടിയ മണ്ണ്, മണൽ, ചെളി, എക്കൽ, മരത്തിന്റെ ചില്ലകൾ, ഇലകൾ എന്നിവ അടങ്ങിയ പ്രളയാവശിഷ്ടങ്ങളുടെ അളവ് എടുക്കുന്നതിനും, വില നിശ്ചയിക്കുന്നതിനും അസി.എഞ്ചിനീയറെ" ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതേ ദിവസത്തെ തീരുമാന നമ്പർ 8(2) പ്രകാരം "കുറുമാലിപ്പുഴയുടെ ഭാഗത്ത് കഴിഞ്ഞ രണ്ട് പ്രളയങ്ങളിലും അടിഞ്ഞുകൂടിയ മരത്തിന്റെ ചില്ലകൾ,മുളങ്കൂട്ടങ്ങൾ ഒഴുക്കിന് തടസ്സമായി നില്ക്കുന്ന പുഴയോരത്തെ വൃക്ഷചില്ലകളും മുളങ്കൂട്ടങ്ങളും മുറിച്ച് നീക്കുന്നതിന് ഭരണ സമിതി യോഗം ഏകകണ്ഠമായി തീരുമാനിച്ചു. പ്രസ്തുത പ്രവർത്തികൾ ബന്ധപ്പെട്ട പഞ്ചായത്ത് മെമ്പർമാരുടെ മേൽനോട്ടത്തിലും ഉത്തരവാദിത്വത്തിലും ജനകീയ കമ്മിറ്റിയുടെ അംഗീകാരത്തോടെ നടപ്പാക്കുന്നതിന് തീരുമാനിച്ചു. ആയതിന് വേണ്ടി വരുന്ന ചിലവ് തുക ജലപ്രയാണം പദ്ധതിക്കു വേണ്ടി വകയിരുത്തിയ 5ലക്ഷം രൂപ തനത് ഫണ്ട് വിഹിതത്തിൽ നിന്ന് ചെലവഴിക്കുന്നതിന് സെക്രട്ടറിക്ക് അനുമതി നല്കിയും" തീരുമാനിച്ചിട്ടുണ്ട്.

എന്നാൽ ഫയൽ പ്രകാരം പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ചെയ്ത പ്രവൃത്തിയുടെ മൂല്യനിർണ്ണയം സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (പി) നമ്പർ 259/2010/തസ്വഭവ തീയതി 8.11.2010 പ്രകാരം ഒരു ലക്ഷം രൂപയിൽ കൂടുതൽ മതിപ്പ വിലയുള്ള സാധനങ്ങളോ സേവനങ്ങളോ സമാഹരിക്കുന്നതിന് ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. എസ്റ്റിമേറ്റ് തയ്യാറാക്കാതെയും മൂല്യനിർണ്ണയം നടത്താതെയും തുക അനുവദിച്ചതും ടെണ്ടർ നടപടികൾ ഒഴിവാക്കി നിർവ്വഹണം നടത്തിയതും സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-06/21.06.22) മറുപടി ലഭ്യമാക്കിയില്ല. മേൽ വിഷയം സംബന്ധിച്ച മറുപടി ലഭ്യമാക്കുന്നതുവരെ ചെലവ് തുക 736500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം.06/21.06.222)

## 1-54 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ - എസ്റ്റിമേറ്റ് തയ്യാറാക്കാതെ പ്രവൃത്തികൾ ചെയ്തു.

പ്രൊജക്ടിന്റെ പേരും നമ്പരും: ISO സർട്ടിഫിക്കേഷൻ (268/21) (സ്പിൽ ഓവർ)

ചെലവഴിച്ച തുക – 1,29,379/- (തനത് ഫണ്ട്)

ഈ പ്രൊജക്ടിൽ ഉൾപ്പെടുത്തി പഞ്ചായത്ത് ഓഫീസിന്റെ റെക്കോർഡ് റൂം സെറ്റ് ചെയ്യൽ, ഫ്രണ്ട് ഓഫീസിൽ പാർട്ടീഷൻ, ഫീഡിംഗ് റൂം, സെർവർ റൂം സെറ്റ് ചെയ്യൽ, പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിന്റെ പഴയ ഗേറ്റ് അറ്റകുറ്റപ്പണി ചെയ്ത് പഞ്ചായത്ത് ഓഫീസിൽ ഗേറ്റ് സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ പ്രൊജക്ട് മുഖേന നടത്തിയിട്ടുള്ളത്. പ്രൊജക്ട് ഫയൽ പ്രകാരമുള്ള ചെലവ് രേഖകൾ പ്രകാരം ആകെ ചെലവ് 1,48,478/- രൂപയാണ്. എന്നാൽ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം 1,29,379/- രൂപ മാത്രമേ ചെലവ് കാണിച്ചിട്ടുള്ളു.

ഈ പ്രൊജക്ട് പ്രകാരമുള്ള ചെലവ് താഴെ ചേർക്കുന്നു.

| | |
|---|---|
| ഗേറ്റ് കാലുകൾ നിർമ്മിച്ച് ഫിറ്റ് ചെയ്യുന്നതിന് | 11,450/- |
| പഴയ ഗേറ്റ് തുരുമ്പ് കളഞ്ഞ് പെയിന്റ് ചെയ്യുന്നതിനുള്ള കൂലിച്ചെലവ് | 15000/- |
| റെക്കോർഡ് റൂം , ഫ്രണ്ട് ഓഫീസ് ബാക്ക് ഓഫീസ് വിവിധ പ്രവൃത്തികൾ | 58,668/-<br>(13000+2799+1829+970+6600+6800+9370+9500+7800) |
| റെക്കോർഡ് റൂം സെറ്റ് ചെയ്യതിന് ദിവസവേതനം നൽകിയത് | 63,360/- |

എന്നാൽ മേൽ പ്രവൃത്തി എസ്റ്റിമേറ്റ് തയ്യാറാക്കി ആയത് പ്രകാരം ക്വട്ടേഷൻ / ടെണ്ടർ മുഖേന നിർവ്വഹിക്കേണ്ടതിന് പകരം എസ്റ്റിമേറ്റ് തയ്യാറാക്കാതെ ചെറിയ പ്രവൃത്തികളായി വിഭജിച്ച് ക്വട്ടേഷൻ മുഖേന നിർവ്വഹിക്കുകയാണ് ചെയ്തിട്ടുള്ളത്. മേൽ പ്രവൃത്തികളിൽ ഗേറ്റ് സ്ഥാപിക്കൽ (Rs. 11450/- ) എന്ന പ്രവൃത്തിക്കൊഴികെ മറ്റ് പ്രവൃത്തികളുടെ അസി.എഞ്ചിനീയറുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം ഇല്ല. ആയതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കാതെയും അളവുകൾ രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്താതെയും മേൽ പ്രവൃത്തികൾക്ക് തുക അനുവദിച്ചത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (08/21.06.22)മറുപടി നൽകിയില്ല. അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

### 1-55 പന്തല്ലൂർ പി എച്ച് സി നവീകരണം

പദ്ധതി നം . 196/2021

പന്തല്ലൂർ പി എച്ച് സി നവീകരണം

നിർവ്വഹണഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ

എഫ്,എച്ച് സി,പറപ്പൂക്കര

1742263- ബിൽ നം. 5/12.8.2020

പന്തല്ലൂർ പി എച്ച് സി നവീകരണ പ്രവൃത്തിക്കായി 1742263 രൂപ ജില്ല പ്രോഗ്രാം മാനേജർ , എൻ എച്ച് എം ന് നൽകിയിട്ടുണ്ട്. ഈ തുക യുടെ വിനിയോഗവിവരം ലഭ്യമാക്കാൻ നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (4/20.6.2021)മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗം സംബന്ധിച്ച വിവദ വിവരങ്ങൾക്കുവേണ്ടി ഡി പി എം തൃശ്ശൂർ ന് കത്തയച്ചിട്ടുണ്ട് എന്നും മറുപടി ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ വിവരം ലഭ്യമാക്കാം എന്ന് അറിയിച്ചിട്ടുണ്ട്.

### 1-56 ലൈഫ് ഭവന പദ്ധതി

ഭവന നിർമ്മാണത്തിനായി (എസ്.സി) വിഭാഗത്തിലെ ഗുണഭോക്താവായ കൊച്ചുമോൾ, പനങ്കുളം, മുളങ്ങ് എന്ന ഗുണഭോക്താവിന് 200000 രൂപ നല്കിയിട്ടുണ്ട്. എന്നാൽ തറ പണി മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. ജനറൽ വിഭാഗത്തിലെ ഗണഭോക്താവായ ഉഷ ജ്യോതിബാസു, വിരിപ്പേരി എന്ന ഗുണഭോക്താവിന് 300000 രൂപ നല്കിയിട്ടുണ്ട്. ഇവരും തറ പണി മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (1/20.6.2022) ലഭ്യമാക്കിയ മറുപടിയിൽ 16.6.2022 ന് ഗുണഭോക്താക്കൾക്ക് നോട്ടീസ് നല്കിയിട്ടുണ്ട് എന്നും 5.3.2022 ന് ആർ.ആർ നടപടികൾക്കായി വി.ഇ.ഓ മാർ പഞ്ചായത്തിനോട് ആവശ്യപ്പെട്ട് കത്ത് നല്കുകയും 12.4.2022 ലെ 1(3) തീരുമാന പ്രകാരം കത്ത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ 2 ഗുണഭോക്താക്കളെയും 13.1.2022, 18.2.2022, 20.5.2022 തിയ്യതികളിൽ നേരിട്ട് സന്ദർശിക്കുകയും, പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ഗുണഭോക്താക്കളെ വിളിച്ചുവരുത്തി വീട് പണിയുന്നതിനായി നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്.

തുക നല്കിയ വിവരം

(1) കൊച്ചുമോൾ, പനങ്കുളം, മുളങ്ങ്

| | |
|---|---|
| 21.1.2021 | 40000 |
| 18.9.2021 | 160000 |

ഉഷ ജ്യോതിബാസു, വിരിപ്പേരി

| | |
|---|---|
| 17.3.2020 | 40000 |
| 12.1.2020 | 60000 |
| 24.3.2021 | 100000 |
| 24.8.2021 | 100000 |

മേൽ പറഞ്ഞ ഗുണഭോക്താക്കൾ വീടു പണി പൂർത്തീകരിക്കുന്നതിന വേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഗുണഭോക്താക്കൾ വീട് പണി നടത്താത്ത പക്ഷം അവർക്ക് അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012 ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി ദീർഘിപ്പിച്ച് നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് കരാർ കാലയളവിന്റെ 25% അനുവദിക്കുമ്പോൾ PAC യുടെ 2% പിഴ ഈടാക്കേണ്ടതാണ്. അസി. എഞ്ചിനീയർ 2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | എഗ്രിമെന്റ് തീയതി | പൂർത്തീകരിക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| 1 | പ്രോജക്ട് നമ്പർ - 205/21 – രാപ്പാൾ | 16.7.2018 | 15.6.2019 (25.11.2019-ലെ 18(1) | 10.3.2021 | 6711 (3%) |

| | | | | |
|---|---|---|---|---|
| വൈദ്യർ വഴി റീടാറിങ്ങ്<br>അടങ്കൽ – 223702/-<br>കരാർ തുക – 223702/-<br>കരാറുകാരൻ – അനന്തരാമൻ കെ ആർ<br>എഗ്രിമെന്റ് നം.5/18-19 /AE/LSGD/PPK തീയതി 16.7.2018<br>അളവു പുസ്തകം- 409/20<br>ട്രഷറി ബിൽ നമ്പർ 106/19.3.2021<br>ചെലവ് തുക – 223616/-<br>(സാങ്കേതിക അനുമതി പ്രകാരം 11 മാസം) | | തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി പൂർത്തീകരണ തീയതി പിഴയില്ലാതെ 29.2.2020 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു) | | |

മുകളിൽ പറഞ്ഞ പ്രകാരം പിഴ ഈടാക്കാതിരുന്നതിന്റെ കാരണം വിശദമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 5/20.6.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നതിനാലാണ് പ്രവൃത്തി നീണ്ടുപോയതെന്ന് അറിയിച്ചിട്ടുണ്ട്. ഈ മറുപടി അംഗീകരിക്കാനാകില്ല. 16.7.2018-ൽ എഗ്രിമെന്റ് വച്ച് 15.6.2019-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. പിന്നീട് 29.2.2020 വരെ പിഴയില്ലാതെ പ്രവൃത്തി പൂർത്തീകരണം ദീർഘിപ്പിച്ചു നൽകിയിരുന്നു. തുടർന്നും കാലാവധി നീട്ടി നൽകുവാൻ കരാറുകാരൻ ആവശ്യപ്പെട്ടിട്ടില്ല. ആയതിനാൽ പിഴയിനത്തിൽ 6711 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-2 മരാമത്ത് പ്രവൃത്തിയുടെ കരാർ വയ്ക്കാൻ വൈകിയതിന് നിയമപ്രകാരമുള്ള പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തീയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും അങ്ങനെ ചെയ്യാത്ത പക്ഷം 14 ദിവസം മുതൽ 10 ദിവസത്തിനകം കരാർ തുകയുടെ 1% പിഴ ഈടാക്കി ഉടമ്പടി വയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. കരാറുകാരുമായുള്ള വച്ചിട്ടുള്ള പ്രിലിമിനറി എഗ്രിമെന്റിൽ ഇക്കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ 2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തീയതി | എഗ്രിമെന്റ് വെച്ച തീയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | പ്രോജക്റ്റ് നമ്പർ -146/21 – അംഗൻവാടിക്ക് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കൽ (നമ്പർ 5)<br>അടങ്കൽ – | 02.07.2018 | 16.07.2018 | 25.07.2018 | 1927 |

| | | | | | |
|---|---|---|---|---|---|
| | 150141 (സംരക്ഷണ ഗ്രാന്റ് നോൺ റോഡ്)<br>കരാർ തുക – 192659<br>കരാറുകാരൻ – മറ്റത്തൂർ ലേബർ കോൺട്രാക്ട് സഹകരണ സംഘം<br>എഗ്രിമെന്റ് നം.:27/18-19 /LSGD/PPK Dt. 25.7.2018<br>ട്രഷറി ബിൽ നമ്പർ – 19/17.4.2020<br>ചെലവ് തുക – 150141/- | | | | |

മുകളിൽ പറഞ്ഞ പ്രകാരം പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും പിഴ ഈടാക്കാതിരുന്നതിന്റെ കാരണം വിശദമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 20/22.6.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. മുകളിൽ പറഞ്ഞപ്രകാരം 1927 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-3 റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കിയിട്ടില്ല

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പാക്കിയ റോഡ് ടാറിങ്ങ് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ പ്രവൃത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതായിരുന്നു. എന്നാൽ കാലി ബാരലിന്റെ വില ഈടാക്കാതെയാണ് കരാറുകാർക്ക് ബിൽ തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | കരാറുകാരൻ | എം.ബി നമ്പർ | ട്രഷറി ബിൽ നമ്പർ/തീയതി | ചെലവ് തുക | ഉപയോഗിച്ച ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട തുക @281/- (18% GST ഉൾപ്പെടെ) |
|---|---|---|---|---|---|---|---|
| 1 | 165/21 – അസിസ്സി മിഷൻ റോഡ് | മറ്റത്തൂർ ലേബർ കോൺട്രാക്ട് സഹകരണ സംഘം | 453/18-19 | 3/17.4.20 | 249464 | 13.12 | 3687 |
| 2 | 164/21 പള്ളിനട റോഡ് റീടാറിങ്ങ് | - ടി - | 217/18-19 | 4/17.4.20 | 499613 | 25.58 | 7188 |
| 3 | 161/21 – കാഞ്ഞിരക്കടവ് റോഡ് റീടാറിങ്ങ് | - ടി - | | | | 46.53 | 13075 |
| 4 | 166/21 – ചാത്താംകുഴി റോഡിലെ ശാഖാറോഡ് ടാറിങ്ങ് | - ടി- | 447/18-19 | 23/17.4.20 | 249868 | 13.09 | 3678 |
| 5 | 168/21 – മഹാവിഷ്ണു ക്ഷേത്രം റോഡ് റീടാറിങ്ങ് | - ടി - | 437/18-19 | 24/17.4.20 | 171140 | 9.2 | 2585 |
| 6 | 183/21 – കുന്നമ്മക്കര റോഡ് റീടാറിങ്ങ് | - ടി - | 451/18-19 | 25/17.4.20 | 299662 | 16.33 | 4589 |
| 7 | 178/21 – ടാഗോർ മൈതാനം | - ടി - | 218/18-19 | 26/17.4.20 | 214028 | 11.54 | 3243 |

| | | | | | | | |
|---|---|---|---|---|---|---|---|
| | റോഡ് റീടാറിങ്ങ് | | | | | | |
| 8 | 197/21 – പറപ്പൂക്കര പട്ടികജാതി കോളനിയിൽ റോഡ് നിർമ്മാണം | - ടി - | 452/18-19 | 13/17.4.20 | 159994 | 3.24 | 910 |
| 9 | 177/21 – നെട്ടുമ്പാൾ കാരിക്കാട്ട് റോഡ് നിർമ്മാണം | - ടി - | 454/18-19 | 42/12.8.20 | 199924 | 4.81 | 1352 |
| 10 | 201/21 – കോമ്പാത്ത് റോഡ് പൂർത്തീകരണം രണ്ടാം ഘട്ടം | - ടി - | 539/18-19 | 94/5.3.21 | 65850 | 1.57 | 441 |
| 11 | 222/21 – ആലത്തൂർ എസ്എൻഡിപി റോഡ് നിർമ്മാണം | - ടി - | 852/20 | 109/27.3.21 | 323178 | 7.07 | 1987 |
| 12 | 162/21 – വെള്ളപ്പാടി റോഡ് അവസാന ഭാഗം റീടാറിങ്ങ് | ജോൺസൺ കെ ഡി | 455/18-19 | 7/17.4.20 | 249231 | 13.38 | 3760 |
| 13 | 184/21 – തൊട്ടിപ്പാൾ മാടപ്പുറം റോഡ് റീടാറിങ്ങ് | ഷമ്മി.എം.കെ | 457/18-19 | 8/17.4.20 | 349091 | 18.72 | 5260 |
| 14 | 175/21 – മാടപ്പുറം ലെഫ്റ്റ് റോഡ് ഫോർമേഷൻ | ഷമ്മി.എം.കെ | 250/18-19 | 51/14.8.20 | 199653 | 4.78 | 1343 |
| 15 | 106/21 – നടക്കാവ് റോഡ് റീടാറിങ്ങ് | ഷമ്മി.എം.കെ | 861/20 | 98/12.3.21 | 299954 | 17.6 | 4946 |
| 16 | 195/21 – പറപ്പൂക്കര ഏലാ റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 456/18-19 | 11/17.4.20 | 265515 | 15.67 | 4403 |
| 17 | 223/21 – നെട്ടുമ്പാൾ തെക്കുട്ട് റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 269/18-19 | 39/12.8.20 | 543038 | 28.8 | 8093 |
| 18 | 212/21 – തെക്കുംമൂലക്കര റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 264/18-19 | 40/12.8.20 | 339341 | 20.53 | 5769 |
| 19 | 158/21 – കെ ടി അച്യുതമേനോൻ റോഡ് റീടാറിങ്ങ് കാന നിർമ്മാണം | അനന്തരാമൻ കെ ആർ | 465, 518/18-19 | 46/12.8.20 | 498966 | 27.09 | 7612 |
| 20 | 148/21 – കാളൻവഴി വീതി കൂട്ടൽ & റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 268/18-19 | 47/12.8.20 | 468347 | 16.87 | 4740 |
| 21 | 171/21 – കാളൻവഴി വീതി | അനന്തരാമൻ കെ ആർ | 197/18-19 | 50/12.8.20 | 540434 | 18.19 | 5111 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കുട്ടി റീടാറിങ്ങ് | | | | | | |
| 22 | 228/21 – എസ്എൻഡിപി റോഡ് റീടാറിങ്ങും ടൈൽ വിരിക്കലും | അനന്തരാമൻ കെ ആർ | 260/18-19 | 53/18.9.20 | 397438 | 14 | 3934 |
| 23 | 172/21 – കല്ലിക്കടവ് അമ്പലം റോഡ് ടാറിങ്ങ് | അനന്തരാമൻ കെ ആർ | 462/18-19 | 59/16.11.20 | 194022 | 4.63 | 1301 |
| 24 | 111/21 – കൈരളി മാടപ്പാടം റോഡ് റീടാറിങ്ങ് കാന നിർമ്മാണം | അനന്തരാമൻ കെ ആർ | 396/20 | 82/22.2.21<br>64/4.12.20 | 789922 | 12 | 3372 |
| 25 | 224/21 – കോലോത്ത് കുളം റോഡ് പൂർത്തീകരണം | അനന്തരാമൻ കെ ആർ | 537/18-19 | 74/10.2.21 | 394843 | 7 | 1967 |
| 26 | 255/21 – മുല്ലക്കൽ കോളനി റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 538/18-19 | 75/12.2.21 | 93746 | 5.42 | 1523 |
| 27 | 88/21 – ആലത്തൂർ എസ്എൻഡിപി മുതൽ കാരക്കാട്ടുകടവ് വരെ റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 403/20 | 76/12.2.21 | 491942 | 27.19 | 7640 |
| 28 | 32/21 -പറാത്തോട് ഹരിജൻകോളനി റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 404/20 | 77/22.2.21 | 502448 | 26.66 | 7941 |
| 29 | 99/21 – കൃഷിഭവൻ റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 405/20 | 78/22.2.21 | 688790 | 37.82 | 10627 |
| 30 | 92/21 – താമരച്ചാൽ റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 406/20 | 82/22.2.21 | 399967 | 22.77 | 6398 |
| 31 | 115/21 – മാത സിറാമിക്സ് റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 855/20 | 83/25.2.21 | 173774 | 9.52 | 2675 |
| 32 | 91/21 – കരിപ്പേരി റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 857/20 | 91/4.3.21 | 299978 | 11 | 3091 |
| 33 | 213/21 – ചാത്തനാത്ത് റോഡ് മെറ്റലിങ്ങ് ടാറിങ്ങ് സെക്കന്റ് റീച്ച് | അനന്തരാമൻ കെ ആർ | 854/20 | 92/4.3.21 | 286128 | 5 | 1405 |
| 34 | 246/21 – കെ എസ് റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 856/20 | 93/4.3.21 | 207508 | 10.5 | 2950 |
| 35 | 220/21 – പന്തല്ലൂർ ലക്ഷംവീട് വഴി പുതിയ റോഡ് | അനന്തരാമൻ കെ ആർ | 860/20 | 96/10.3.21 | 301474 | 6.42 | 1804 |

| | | | | | | | |
|---|---|---|---|---|---|---|---|
| | നിർമ്മാണം | | | | | | |
| 36 | 206/21 – പറകാടൻ റോഡ് ടാറിങ്ങ് | അനന്തരാമൻ കെ ആർ | 862/20 | 97/10.3.21 | 190378 | 5.24 | 1472 |
| 37 | 90/21 – പന്തല്ലൂർ ഹരിശ്രീ റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 868/20 | 104/19.3.21 | 149973 | 8.38 | 2355 |
| 38 | 217/21 – രാപ്പാൾ അമ്പാടി റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 415/20 | 26/23.4.20 | 214028 | 11.36 | 3192 |
| 39 | 205/21 – രാപ്പാൾ വൈദ്യർ വഴി റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 409/20 | 106/19.3.21 | 223616 | 8.7 | 2445 |
| 40 | 221/21 – പന്തല്ലൂർ സ്കൂൾ കോണിക്കച്ചിറ റോഡ് റീടാറിങ്ങ് | അനന്തരാമൻ കെ ആർ | 869/20 | 107/19.3.21 | 152743 | 8.22 | 2310 |
| 41 | 38/21 – ജിഎൽപിഎസ് റോഡ് റീ ടാറിങ്ങ് | ബാബു.പി.എൽ | 864/20 | 100/12.3.21 | 199875 | 16.22 | 4558 |
| 42 | 120/21 – നെട്ടുമ്പാൾ പനംകുളം റോഡ് റീടാറിങ്ങ് | ബാബു.പി.എൽ | 863/20 | 101/12.3.21 | 299959 | 11.55 | 3245 |
| | ആകെ | | | | | | 169977 |

മുകളിൽ പറഞ്ഞു പ്രകാരം ഫൈനൽ ബില്ലിൽ നിന്നും കാലി ബാരലിന്റെ വില ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കാതിരുന്നതിന്റെ കാരണം വിശദമാക്കുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 21/22.6.2022 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭിച്ചില്ല. ആയതിനാൽ കാലി ബാരൽ വില ഇനത്തിൽ 169977 രൂപ ഉത്തരവാദികളിൽ നിന്നും ഈടാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 388544 | അംഗൻവാടി അനുപൂരക പോഷകാഹാര വിതരണം | 388544 | 0 |
| | | 364400 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ | 364400 | 0 |
| | | 817333 | ലൈഫ് പദ്ധതി ജനറൽ | 817333 | 0 |
| | | 210000 | ലൈഫ് ഘട്ടം 3 – ഭവന നിർമ്മാണം (പട്ടികജാതി) | 210000 | 0 |
| | | 100000 | ആശ്രയ പദ്ധതി | 100000 | 0 |
| | | 600000 | നെൽകർഷകർക്ക് കൂലിച്ചെലവ് സബ്സിഡി | 600000 | 0 |
| | | 175000 | ക്ഷീര സംഘങ്ങളിൽ പാലളക്കുന്നവർക്ക് പാലിന് | 175000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സബ്സിഡി | | |
| | | 1100000 | ലൈഫ് ഭവന പദ്ധതി എസ്.സി | 1100000 | 0 |
| | | 138962 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ | 138962 | 0 |
| | | 100000 | അഗതിരഹിത കേരളം | 100000 | 0 |
| | | 91350 | കന്നുക്കുട്ടി പരിപാലനം(ജനറൽ വനിത) | 91350 | 0 |
| | | 200000 | സുഭിക്ഷകേരളം - തരിശ് ഭൂമിയിൽ നൽകൃഷി | 200000 | 0 |
| ആകെ | | 4285589 | | 4285589 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 600000 | അംഗൻവാടി അനുപൂരക പോഷകാഹാര വിതരണം | 600000 | |
| | | 117900 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്ത നൽകൽ | 117900 | |
| | | 1120000 | ലൈഫ് പദ്ധതി ജനറൽ | 1120000 | |
| | | 1000000 | ലൈഫ് ഘട്ടം 3 സ്ഥലം വാങ്ങൽ | 1000000 | |
| | | 766600 | ഗൃഹ കേന്ദ്രീകൃത പാലിയേറ്റീവ് പരിചരണം | 766600 | |
| | | 600000 | നെൽകർഷകർക്ക് കൂലിച്ചെലവ് സബ്സിഡി | 600000 | |
| | | 200000 | ക്ഷീര സംഘങ്ങളിൽ പാലളക്കുന്നവർക്ക് പാലിന് സബ്സിഡി | 200000 | |
| | | 600000 | നെൽകർഷകർക്ക് കൂലിച്ചെലവ് സബ്സിഡി | 600000 | |
| | | 440000 | വിവിധ വാർഡുകളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 440000 | |
| | | 2040000 | ലൈഫ് ജനറൽ | 2040000 | |
| | | 421812 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ | 421812 | |
| | | 168625 | അംഗൻവാടി അനുപൂരക പോഷകാഹാര വിതരണം | 168625 | |
| | | 500000 | കുറുമാലിപ്പുഴയിലെ പ്രളയാവശിഷ്ടങ്ങൾ നീക്കം ചെയ്യൽ - ജലപ്രയാണം2020 | 500000 | |
| ആകെ | | 8574937 | | 8574937 | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

വാർഷിക കണക്ക് ബി-18 ഷെഡ്യൂൾ പ്രകാരം വാട്ടർ അതോറിറ്റിയിൽ 558723 രൂപയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ 63600 രൂപയും ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ 1620591 രൂപയും ചെലവഴിക്കാൻ ബാക്കിയുള്ള തുകയായി കാണിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനം ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | -- | 3318167 | 3318167 | 394941 | 2923226 |
| ശതാബ്ദി ഭവന പദ്ധതി | ജി.ഒ.(എംഎസ്)നം.83/13/ തസ്വഭവ. | 14600000 | 6720000 | 1850000 | 4870000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 605222 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 605222 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 605222 |

## 4-6 ഓഡിറ്റ് റിക്കവറി

വാർഷികകണക്ക് RP 10 Other Income ഷെഡ്യൂൾ പ്രകാരം ഈയിനത്തിൽ 46748 രൂപ വരവുണ്ടെങ്കിലും ഇതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 44 | 1999-2000 | 44 | നട്ടപാടം, മാങ്കണ്ടം പാടശേഖരസമിതിക്ക് നൽകിയ മോട്ടോർ അറ്റകുറ്റപ്പണി ഉൾപ്പെടെയുള്ള പ്രോജക്ട് | അറ്റകുറ്റപ്പണി പൂർത്തീകരിച്ച |
| 2000-01, 2001-02 | 10.12 | 2000-01, 2001-02 | 10.12 | കോനിക്കച്ചിറ – വൈലൂർ ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി കണക്ഷൻ | 2016-17 പദ്ധതിയിൽ ഉൾപ്പെടുത്തി കോനിക്കച്ചിറ-വൈലൂർ ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടുണ്ട്. |
| 2000-01, 2001-02 | 11 | 2000-01, 2001-02 | 11 | മുളങ്ങ് – ചാത്തനാത്ത് ട്രാക്ടർ ബണ്ട് സ്ലൂയിസ് സ്ഥാപനം എന്ന പദ്ധതി | ടി പ്രവൃത്തിക്ക് നൽകിയ മുഴുവൻ തുകയും റവന്യൂ റിക്കവറി വഴി ഈടാക്കിയിട്ടുണ്ട്. |

(ഓഡിറ്റ് വർഷവും സമാഹൃത റിപ്പോർട്ട് വർഷവും ഖണ്ഡികകളും ഒരു പോലെയാകാൻ സാധ്യതയില്ല. സ്ഥാപനം ലഭ്യമാക്കിയ വിവരങ്ങൾ അതേ പോലെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്)

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല (വാർഷികകണക്ക് പ്രകാരം ചാർജ് സർട്ടിഫിക്കറ്റ് വഴി ഓഡിറ്റ് റിക്കവറിയായി 46748 രൂപ വരവുണ്ട്. എന്നാൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല)

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 116043556 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 110264594 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 178615 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2411950 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 6711 | ജോൺസി.ടി.ജെ, അസി.എഞ്ചിനീയർ |
| 3-2 | 1927 | ജോൺസി.ടി.ജെ, അസി.എഞ്ചിനീയർ |
| 3-3 | 169977 | ജോൺസി.ടി.ജെ, അസി.എഞ്ചിനീയർ |
| ആകെ | 178615 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-37 | 51200 | ടി.കെ.സുരേഷ് കുമാർ,<br>അസി. സെക്രട്ടറി |
| 1-46 | 100000 | രേണുക.പി.വി, ഹെഡ് മിസ്ട്രസ്സ് |
| 1-48 | 1524250 | ഡോ.രാജീവ്.കെ.ആർ,<br>വെറ്ററിനറി സർജൻ |
| 1-53 | 736500 | അജിത.കെ, സെക്രട്ടറി |
| ആകെ | 2411950 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജോൺസി.ടി.ജെ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | പുതുശ്ശേരി വീട്, വിയ്യൂർ, തൃശ്ശൂർ |
| അജിത.കെ, സെക്രട്ടറി | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | നെടിയംപറമ്പത്ത് വീട്, കൊളത്തൂർ, തൃശൂർ |
| ടി.കെ.സുരേഷ് കുമാർ, അസി. സെക്രട്ടറി | അസി. സെക്രട്ടറി, പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | തൈവളപ്പിൽ വീട്, വെള്ളാങ്ങല്ലൂർ.പി.ഒ, തൃശ്ശൂർ. |
| രേണുക.പി.വി, ഹെഡ്മിസ്ട്രസ്സ് | വിരമിച്ച | മാത്തിപ്പറമ്പിൽ വീട്, പൊറത്തിശ്ശേരി, തൃശ്ശൂർ |
| ഡോ.രാജീവ്.കെ.ആർ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, പറപ്പൂക്കര ഗ്രാമപഞ്ചായത്ത് | ശ്രീരേഖ, കുറുമാംപുഴ, അക്കരപ്പുറം, കരിച്ചിക്കര പി ഒ, തൃശ്ശൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പൂരപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1994-95<br>1995-96<br>96-97<br>97-98<br>98-99<br>99-00 | കെ.എസ്.എ.ടി.എസ്.ആർ.പി.7-260/16 തീയ്യതി 27.2.2016/4.5.2016 ലെ ഓഡിറ്റ് അദാലത്ത് റിപ്പോർട്ട് |
| 00-01 | എൽ.എഫ്.ടി.9-194/04/11.3.04 |
| 01-02 | എൽ.എഫ്.ടി.9-1645/04/1.3.05/7.7.05 |
| 00-01, 01-02 | എൽ.എഫ്.ടി.9-1730/03/20.2.04 |
| 02-03 | എൽ.എഫ്.ടി.16-1070/05/5.4.06 |
| 03-04 | എൽ.എഫ്.ടി.16-1894/06/8.2.07 |
| 04-05 | എൽ.എഫ്.ടി.16-63/09/15.12.09 |

| | |
|---|---|
| 05-06 | എൽ.എഫ്.ടി.16-1764/09/21.12.10 |
| 06-07 | എൽ.എഫ്.ടി.16-1765/09/21.12.10 |
| 07-08 | എൽ.എഫ്.ടി.പി.3-1919/11/25.2.12 |
| 08-09 | എൽ.എഫ്.ടി.പി.3-1913/11/25.2.12 |
| 09-10, 10-11 | എൽ.എഫ്.ടി.പി.3-1641/2012/05.3.13 |
| 11-12 | എൽ.എഫ്.ടി.പി.7-971/2013/22.11.13 |
| 12-13 | എൽ.എഫ്.ടി.പി.7-380/14/16.9.14 |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ പി7- 1273/15/ 4.11.15/16.11.15 |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ പി7-998/16/23.06.2016 |
| 15-16 | കെ.എസ്.എ.ടി.എസ്.ആർ പി7-1734/16 തി.22.11.16 |
| 16-17 | കെ.എസ്.എ.ടി.എസ്.ആർ പി7-1644/17 തി.24.11.17/7.02.17 |
| 17-18 | കെ.എസ്.എ.ടി.എസ്.ആർ പി7-773/19 തി.12.06.2019 |
| 18-19 | കെ.എസ്.എ.-ടി.എസ്.ആർ.(പി.10)1316/2020 തീയതി 15/12/2020 |
| 2019-20 | കെ.എസ്.എ-ടി.എസ്.ആർ പി 10/877/21, തീയതി 05.07.2021 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്